
# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

MY LORD AND MY GOD

Vol. 05 No. 51 | THE ONLINE OFFICIAL NEWS BULLETIN | 2022 December 17


## SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

| ܚܕܒܫܒܐ SUNDAY | ܬܪܝܢ ܒܫܒܐ MONDAY | ܬܠܬܐ ܒܫܒܐ TUESDAY | ܐܪܒܥܐ ܒܫܒܐ WEDNESDAY | ܚܡܫܐ ܒܫܒܐ THURSDAY | ܥܪܘܒܬܐ FRIDAY | ܫܒܬܐ SATURDAY |
|---|---|---|---|---|---|---|
| **18** Sunday before the Feast of Nativity. Comme. of St. Thomas the Apostle (The day St. Thomas was pierced by the lance of heathens)  ♪8 | **19** ♪4 | **20** Comme. of St. Ignatius Nurono (Fiery One)  ♪8 | **21** ✝Martyrdom of St. Thomas (Apostle of India)  ♪8 | **22** ♪8 | **23** 22nd Mem. of N.K.Koruthu Malpanachan (Vadavukodu)  ♪4 | **24** ♪8 |




# സൗഹൃദം ഭവന സഹായ പദ്ധതിക്ക് തറക്കല്ലിട്ടു

കോട്ടയം: പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ ബാവായുടെ സ്മരണാർത്ഥം ആരംഭിച്ച 'സഹോദരൻ' സാധുജന ക്ഷേമ പദ്ധതിയുടെ ഭാഗമായി സ്വന്തമായി സ്ഥലം ഇല്ലാത്ത ആളുകൾക്കുള്ള ഭവന നിർമ്മാണ പദ്ധതിയായ 'സൗഹൃദം' പ്രോജക്റ്റിന്റെ ഉദ്ഘാടനം പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ നിർവഹിച്ചു.


കോട്ടയം പരുത്തുംപാറയിൽ ഓർത്തഡോക്സ് സഭാംഗമായ കാര്യകുളത്ത് ജേക്കബ് സക്കറിയ നൽകിയ 50 സെൻറ് സ്ഥലത്ത് 10 വീടുകളാണ് നിർമ്മിക്കുക. ഓരോ ഭവനവും 600 സ്ക്വയർ ഫീറ്റ് വീതമാണ്.

ഒരു കോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്.വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, കോട്ടയം ഭദ്രാസന സെക്രട്ടറി ഫാ. കെ. എം. സഖറിയാ, ഫാ. സോണി വി. മാണി, ഡോ. വർഗീസ് പുന്നൂസ് തുടങ്ങിയവർ സംബന്ധിച്ചു.




നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ നിന്നും നിരണം സെന്റ് മേരീസ് വലിയ പള്ളിയിലേക്ക് നടത്തുന്ന മാർത്തോമ്മൻ സന്ദേശ യാത്രയുടെയും ദീപശിഖ പ്രയാണത്തിന്റെയും ഉദ്ഘാടനം ഡോ. ജോഷ്വാ മാർ നിക്കോദിമോസ് നിർവഹിച്ചു. നിലക്കൽ ട്രസ്റ്റ് ചാപ്പലിൽ നിന്ന് കൊളുത്തിയ ദീപശിഖ വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അത്മായ ട്രസ്റ്റി റോണി വർഗീസ് എബ്രഹാം, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർക്ക് മെത്രാപ്പോലീത്താ കൈമാറി.

# പ്രൊഫ. നൈനാൻ എബ്രാഹം അന്തരിച്ചു



കോട്ടയം: കാൺപൂർ യൂണിവേഴ്സിറ്റി മുൻ വൈസ് ചാൻസലർ പ്രൊഫ. നൈനാൻ എബ്രഹാം (101) അന്തരിച്ചു. ശവസംസ്ക്കാരം നാളെ മൂന്നിന് വെള്ളുക്കുട്ട സെന്റ് തോമസ് പള്ളിയിൽ.

ഓൾ ഇൻഡ്യ അസോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷൻ പ്രസിഡന്റ് ആയിരുന്ന അദ്ദേഹം റിട്ടയർമെന്റിനുശേഷം കേരളത്തിലേക്ക് തിരികെ വന്നതിനെ തുടർന്ന് കേരള സെന്റർ ഫോർ ക്രിസ്ത്യൻ ഹയർ എഡ്യൂക്കേഷൻ സ്ഥാനം വഹിച്ചിരുന്നു. ഈ സമയത്ത് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഉള്ള കമ്മിറ്റികളുടെ ശ്രമഫലമായി കേരളത്തിലെ കോളേജുകളിലെ കോഴ്സുകൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുവാനും അവ യൂണിവേഴ്സിറ്റി തലത്തിൽ നടപ്പിലാക്കാനുമായി. കോട്ടയം ഓർത്തഡോക്സ് സെമിനാരിയുടെ ഗവേണിംഗ് ബോർഡ് അംഗമായി പ്രവർത്തിച്ചു. പ. ദിദിമോസ് കാതോലിക്കാ ബാവാ ശിഷ്യനാണ്.

ഭാര്യ: പരേതയായ എലിസബേത്ത് നൈനാൻ ഏബ്രഹാം. മക്കൾ: ഡോ. ബോബി ഏബ്രഹാം (കാരിത്താസ് ആശുപ്രതി മെഡിക്കൽ ഡയറക്ടർ), പരേതനായ ജോർജ് നൈനാൻ ഏബ്രഹാം (ഫിനാൻഷ്യൽ അഡ്വൈസർ, ടിഡിബാത് കാനഡ), ഡോ. ബിജോയ് എബ്രഹാം (കോകിലാ ബെൻ അംബാനി ആശുപത്രി, മുംബൈ, ആനി ചൗധരി (അധ്യാപിക, മദ്രാസ്).

മരുമക്കൾ: ഡോ മെറിൻ ഏബ്രഹാം (അടങ്ങപ്പുറത്ത്, തലവടി), സുജാത ഏബ്രഹാം (കാനഡ), ഡോ പുഷ്പ ജേക്കബ് (മറ്റപ്പള്ളിൽ, കളമശ്ശേരി), ഡോ. സുധീർ ജോസഫ് ചൗധരി (സൗദി).

പുസ്തകം

# വിശുദ്ധ രഹസ്യങ്ങൾ



## മാർ ഗീവർഗീസ്, മൂശെ ബർകീഫാ, ദീവന്നാസ്യോസ് ബർസ്ലീബി, ദാരായിലെ മാർ യോഹന്നാൻ എന്നീ സുറിയാനി സഭാപിതാക്കന്മാരുടെ വി. കുർബാനയെക്കുറിച്ചുള്ള വ്യാഖ്യാനങ്ങൾ

ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ

**2**


## മോശ ബർകീഫാ

### ജീവചരിത്രം

മോശ ബർകീഫാ (+903) തിഗ്രീസ് നദിയുടെ വടക്ക് തിഗ്രിതിലെ ബെത് -രാമിലെ ബിഷപ്പായിരുന്നു. അദ്ദേഹത്തേക്കുറിച്ച് അറിയാവുന്നതെല്ലാം അദ്ദേഹത്തിന്റെ കൃതികളുടെ കൂടെ കാണപ്പെടുന്ന അജ്ഞാതനായ ആൾ രചിച്ചിട്ടുള്ള അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ നിന്നു ലഭിച്ചിട്ടുള്ളതാണ്. അതിൻപ്രകാരം ആധുനിക മൂസലിലെ ബലാദ് എന്ന പട്ടണത്തിലാണ് അദ്ദേഹം ജനിച്ചത്. തിഗ്രീസ് നദിയുടെ പടിഞ്ഞാറൻ ഭാഗത്തുള്ള മാർ സർഗ്ഗീസിന്റെ ആശ്രമത്തിൽ അദ്ദേഹം ചേരുകയും ഇരുപതാമത്തെ വയസ്സിൽ സന്യാസ വ്രതം സ്വീകരിക്കുകയും ചെയ്തു. പത്തു വർഷത്തിനു ശേഷം സേവേറിയോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി. 903-ൽ അദ്ദേഹം നിര്യാതനായി (അവലംബം ജോർജിയാസ് എൻസൈക്ലോപീഡിക് ഡിക്ഷണറി ഓഫ് ദി സിറിയക് ഹെറിറ്റേജ്). ഈ വിവർത്തനത്തിന്റെ മൂലകൃതി എടുത്തിട്ടുള്ളത് ആർ. എച്ച്. കൊണോളി എഡിറ്റ് ചെയ്ത *റ്റു കമന്ററീസ് ഓൺ ജാക്കോബൈറ്റ് ലിറ്റർജി* എന്ന ഗ്രന്ഥത്തിൽ നിന്നാണ്.

### വിശുദ്ധ രഹസ്യങ്ങളുടെ അർപ്പണത്തെക്കുറിച്ചു മോശ ബർകീഫായുടെ വ്യാഖ്യാനം

എത്ര പേരുകൾ ഈ ആരാധനയ്ക്ക് (കുർബാനയ്ക്ക്) വിളിക്കപ്പെടുന്നു. ഇതിന് ആറ് പേരുകൾ ഉണ്ടെന്ന് ഞങ്ങൾ പറയുന്നു. അവ കൂടിവരവ് (ക്നുശോയോ), സംബന്ധം (ശൗത്തോഫൂത്തോ), അടുത്തുവരൽ (കൂറോബോ), ബലി (കുർബോനോ), രഹസ്യങ്ങൾ (റോസോ), പൂർണ്ണതകളുടെ പൂർണ്ണത (ഗ്മീറൂതോ ദ് ഗ്മീറോവോസോ) എന്നിവയാണ്. നമ്മിൽ ചിതറിക്കിടക്കുന്ന അംഗങ്ങളെ ഏക ദൈവത്തിൽ ഒന്നാക്കിച്ചേർക്കുന്നതുകൊണ്ട് കൂടിച്ചേരൽ എന്ന് ഇതിനെ നാം വിളിക്കുന്നത്. സംബന്ധം എന്ന് പറയുന്നതിന് കാരണം ക്രിസ്തുവിന്റെ ശരീരത്തിൽ നാം സംബന്ധികളായിത്തീരുകയും അവനിൽ ഒരു ശരീരമായിത്തീരുകയും ചെയ്യുന്നു. *എന്റെ ശരീരം ഭക്ഷിക്കുകയും എന്റെ രക്തം പാനം ചെയ്യുകയും ചെയ്യുന്നവൻ അവൻ എന്നിലും ഞാൻ അവനിലും വസിക്കും* (യോഹ. 6:56) എന്നും, വീണ്ടും, *നാം ക്രിസ്തുവിന്റെ അവയവങ്ങളാകുന്നു* (എഫേ. 5:30, 1 കോരി 6:15) എന്ന് അപ്പോസ്തോലൻ പറയുന്നത് അതുകൊണ്ടാണ്. അടുത്തുവരൽ എന്നു പറയുന്നതിനു കാരണം അവർ വിദൂരസ്ഥരായിരുന്നു, ഇപ്പോൾ സമീപസ്ഥരായിത്തീർന്നു. പൗലോസ് അപ്പോസ്തോലൻ പറയുന്നു *അവൻ മൂലം നാം ഇരുകൂട്ടർക്കും പ്രവേശനം ഉണ്ട്* (എഫേ 2:18) അതായത് സ്വജാതീയർക്കും വിജാതീയർക്കും സ്വർഗ്ഗീയർക്കും ഭൗമീകർക്കും അവൻ സമീപസ്ഥനാകുന്നു. ഇതിനെ കുർബ്ബാന അഥവാ ബലി എന്നു വിളിക്കുന്നതിനു കാരണം അവൻ നമ്മുടെ




പാപങ്ങൾക്കുവേണ്ടി പിതാവാം ദൈവത്തിന് സ്വയം ബലിയായിത്തീർന്നു. അപ്പോസ്തോലൻ പറയുന്നു, *അവൻ ദൈവത്തിന് തന്നെത്തന്നെ ബലിയായി അർപ്പിച്ചു* (എബ്രായ 9:14). തങ്ങളുടെ പാപങ്ങൾക്കു വേണ്ടി അർപ്പിച്ച ബലിയെ കുർബ്ബാന എന്ന് മോശയുടെ ന്യായപ്രമാണത്തിലും പറയുന്നു. മാളികമുറിയിൽ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് ഇത് വിഭജിച്ച് നൽകിയത് രഹസ്യമായിട്ടാണ് അതുകൊണ്ടാണ് ഇതിനെ രഹസ്യങ്ങൾ എന്ന് വിളിക്കുന്നത്. രണ്ടാമതായി ഇത് തന്റെ ശിഷ്യന്മാർക്ക് വിഭജിച്ച് കൊടുത്തതിനു ശേഷം തന്റെ കഷ്ടാനുഭവങ്ങളെക്കുറിച്ച് അവൻ വെളിപ്പെടുത്തി. ഇതിനെ പൂർണ്ണതകളുടെ പൂർണ്ണത എന്നു വിളിക്കുന്നതിനു കാരണം ഇതുകൂടാതെ യാതൊരു രഹസ്യങ്ങളും പൂർണ്ണമാക്കപ്പെടുന്നില്ല. ഉദാഹരണത്തിന് മാമോദീസാ സ്വീകരിക്കുന്ന ഒരുവൻ വിശുദ്ധരഹസ്യങ്ങൾ സ്വീകരിക്കാതെ അവന്റെ മാമോദീസാ പൂർണ്ണമാക്കപ്പെടുന്നില്ല. അതുപോലെ ഒരുവനെ ശെമ്മാശ്ശനായോ കശ്ശീശായായോ ഉയർത്തുമ്പോൾ അവൻ പൂർണ്ണമാക്കപ്പെടുന്നത് ഇത് (വി. കുർബ്ബാന) മൂലമാണ്.

#### തടികൊണ്ടുള്ള കൈമണിയെക്കുറിച്ചുള്ള രഹസ്യാത്മകമായ വിവരണം

താഴെ പറയുന്ന കാര്യങ്ങൾക്കായി തടിമണി അടിക്കുന്നു. ഒന്ന്, തടിമണി അടിക്കുന്ന ശബ്ദം കേൾക്കുമ്പോൾ വൃക്ഷം മൂലം നാം കൽപ്പന ലംഘനം നടത്തുകയും പറുദീസായിൽ നിന്ന് പുറത്താക്കപ്പെടുകയും ചെയ്തു എന്ന് നാം മനസ്സിലാക്കണം. വീണ്ടും, തടികൊണ്ടുള്ള കുരിശിനാൽ തെറ്റിപ്പോകലിനാലുണ്ടായ പാപത്തിൽ നിന്ന് മോചനം കൈവന്നു. അതുകൊണ്ട് അതിന്റെ ശബ്ദം കേൾക്കുമ്പോൾ എന്റെ കർത്താവേ

അനുഗ്രഹിക്കണമേ എന്ന് പറഞ്ഞുകൊണ്ട് കുരിശു വരയ്ക്കുകയും കർത്താവേ നീ മൂലം ഉണ്ടായ വിടുതലിന്നായി നിന്നെ സ്തുതിക്കുവാൻ എന്റെ അധരങ്ങളെ അവിടുന്ന് എനിക്ക് തുറന്നു തരണമേ എന്നും പ്രാർത്ഥിക്കണം. രണ്ട്, കാഹളം ഊതപ്പെടുമ്പോൾ രാജാവിനെ മഹത്വപ്പെടുത്തുവാനും സ്തുതിക്കുവാനും സൈന്യം അണിനിരക്കുന്നതുപോലെ തടിമണി നമ്മുടെ രാജാവായ ക്രിസ്തുവിനെ മഹത്വപ്പെടുത്തുവാനായി നമ്മെ കൂട്ടിവരുത്തുന്നു. മൂന്ന്, കാഹളമോ അറിയിപ്പുകാരനോ രാജാവിന്റെ സൈന്യത്തെ യുദ്ധത്തിനും ശത്രുക്കളോട് പോരാടുന്നതിനും കൂട്ടിവരുത്തുന്നതുപോലെ തടിമണിയും മനുഷ്യവർഗ്ഗത്തിന്റെ ശത്രുവായ സാത്താനോട് അടരാടുവാൻ നമ്മേ കൂട്ടിവരുത്തുന്നു. നാല്, ഒരു കാഹളമോ അറിയിപ്പുകാരനോ രാജാവിൽനിന്ന് സമ്മാനം വാങ്ങുവാനായി രാജഭടന്മാരെ കൂട്ടിവരുത്തുന്നതുപോലെ നമ്മുടെ രാജാവായ ക്രിസ്തുവിൽനിന്ന് പാപമോചനം, ന്യായമായ നമ്മുടെ യാചനകളുടെ മറുപടി തുടങ്ങിയ ആത്മീയ സമ്മാനങ്ങൾ വാങ്ങുവാനായി തടിമണി നമ്മേ കൂട്ടിച്ചേർക്കുന്നു.

**തിരുവചന വായന എന്ത് അർത്ഥമാക്കുന്നു എന്നതിനേക്കുറിച്ചും, ദൈവമേ നീ പരിശുദ്ധനാകുന്നു എന്നതിനേക്കുറിച്ചും**

ദൈവമേ നീ പരിശുദ്ധനാകുന്നു എന്നതിനേക്കുറിച്ച് ഈ ചോദ്യങ്ങൾ ചോദിക്കുന്നത് തികച്ചും ന്യായമാണ്. ഒന്ന്, ആരാണ് ഇങ്ങനെ ചൊല്ലുവാൻ നമ്മേ പഠിപ്പിച്ചത്? രണ്ട്, എന്തുകൊണ്ട് നാം ഇങ്ങനെ ചൊല്ലുന്നു? മൂന്ന്, വിശുദ്ധ ത്രിത്വത്തിലെ ഏത് ആളത്വത്തേയാണ് നാം സംബോധന ചെയ്യുന്നത്? നാല്, ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു, ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ എന്ന് ചൊല്ലുന്നതുകൊണ്ട് നാം എന്താണ് അർത്ഥമാക്കുന്നത്?

ആരാണ് നമ്മെ ഇത് പഠിപ്പിച്ചത് എന്നതിന് യെശയ്യാ പ്രവചനത്തിൽ നിന്ന് എടുത്ത് ചേർക്കപ്പെട്ടതാണെന്ന് ചിലർ പറയുന്നു (യെശ 6:3). അദ്ദേഹം മനോഹരമായ ഒരു ദർശനം കണ്ടു, ദൈവത്തിൽ നിന്ന് ഒരു ദർശനം കാണുവാൻ അവന് ഭാഗ്യം ലഭിച്ചു. സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്നിങ്ങനെ സെറാഫുകൾ കർത്താവിനെ മഹത്വപ്പെടുത്തുന്നത് അവൻ കേട്ടു. ഏതോ ചില വിശുദ്ധന്മാർ അവനിൽനിന്ന് ഇത് സ്വീകരിച്ച് സഭയിൽ ക്രമീകരിച്ചു.

എന്നാൽ മറ്റു ചിലർ പറയുന്നു കുരിശാരോഹണസമയത്ത് മശിഹാ തന്റെ ആത്മാവിനെ തന്റെ പിതാവിങ്കൽ ഏൽപ്പിച്ചു കഴിഞ്ഞ് വിശുദ്ധ സെറാഫുകൾ മശിഹായുടെ ശരീരത്തിന്റെ ചുറ്റും വന്നുകൂടുകയും ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ എന്നത് ഒഴികെയുള്ള ഗാനങ്ങൾ ചൊല്ലുകയും ചെയ്തു. അവർ പ്രസ്തുത ഭാഗം മാത്രം വിട്ടു. തീർച്ചയായും മനുഷ്യകുലത്തിനുവേണ്ടിയണ് അല്ലാതെ അവർക്കുവേണ്ടിയല്ല അവൻ ക്രൂശിക്കപ്പെട്ടത്. ഈ സമയത്ത് അവിടെ ഉണ്ടായിരുന്നവനും യേശുവിന്റെ ശരീരം ഗവർണ്ണറായ പീലാത്തോസിൽ നിന്ന് ചോദിച്ച് വാങ്ങി ലേപനം ചെയ്ത മന്ത്രിയായ യൗസേപ്പ് അവർ (മാലാഖമാർ) ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു എന്ന് പാടുന്നത് കേട്ടപ്പോൾ അവന്റെ ഉള്ളം പ്രകാശിക്കുകയും ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ എന്ന് കൂട്ടിച്ചേർക്കുകയും ചെയ്തു. ഒരു മന്ത്രി രാജാവിന്റെ മോതിരവും വിളംബരച്ചീട്ടും സൂക്ഷിക്കുന്ന ആളാണ്.

പൗലോസിന്റെ ശിഷ്യനായ അഗ്നിമയനായ ഇഗ്നാത്തിയോസാണ് ഇതും ഇപ്പോൾ പാടുന്നതുപോലെ ആരാധനയിൽ രണ്ട് ഗൂദാകളായി പാടുന്നതും സഭയിൽ ആരംഭിച്ചത് എന്നു വേറേ ചിലർ പറയുന്നു. അതിനു മുമ്പ് യഹൂദന്മാരേപ്പോലെ ഒറ്റ ഗൂദായായിട്ടായിരുന്നു പാടിയിരുന്നത്. ഇന്നും അവർ അങ്ങനെ തന്നെയാണ് അനുവർത്തിക്കുന്നത്. എന്നാൽ അദ്ദേഹത്തിന്റെ (മാർ ഇഗ്നാത്തിയോസിന്റെ) മനസ്സ് സ്വർഗ്ഗത്തിലേക്ക് എടുക്കപ്പെട്ടു എന്നും അവിടെ അദ്ദേഹം മാലാഖാമാരുടെ ഗണങ്ങളെ കണ്ടു, ഒരു ഗണം സ്തുതിക്കുന്നു മറ്റൊന്ന് അതിന് മറുപടി പറയുന്നു. അവിടെ അദ്ദേഹം ഈ പാട്ട് കേൾക്കുകയും സഭയിൽ സ്ഥാപിക്കുകയും ചെയ്തു.

വീണ്ടും, കടൽക്കരയിൽ ഒരു പക്ഷി നിരന്തരമായി ഈ പാട്ട് പാടിക്കൊണ്ടിരുന്നു എന്ന് മറ്റൊരു പറച്ചിൽ ഉണ്ട് (അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന



അന്ത്യോക്യായിലെ ഇസഹാക്ക് അന്ത്യോക്യായിലെ ഒരു കച്ചവടസ്ഥലത്ത് ഒരു പക്ഷി ഈ ത്രൈശുദ്ധ കീർത്തനം നിരന്തരമായി പാടിക്കൊണ്ടിരുന്നതിനേക്കുറിച്ച് സാമാന്യം ദൈർഘ്യമേറിയ ഒരു കവിത എഴുതിയിട്ടുണ്ട്, ബെഡ്ജാൻ പേജ് 737-788). എന്തായാലും ഈ വിശുദ്ധൻ (മാർ ഇഗ്നാത്തിയോസ്) ആയിരിക്കണം ഇത് സഭയിൽ സ്ഥാപിച്ചത്.

രണ്ടാമത്തേ ചോദ്യം: പരിശുദ്ധ ത്രിത്വത്തിലെ ഏത് ആളത്വത്തെയാണ് ഇത് സംബോധന ചെയ്യുന്നത്?

നമുക്കുവേണ്ടി ജഡം ധരിക്കുകയും മനുഷ്യനായിത്തീരുകയും ചെയ്ത പുത്രനെ എന്ന് നാം പറയും. പാഷാണ്ഡന്മാർ പറയുന്നതുപോലെ അല്ല നാം പറയുന്നത്. അവർ ഇപ്പോൾ പറയുന്നു പിതാവേ നീ പരിശുദ്ധനാകുന്നു, ബലവാനായ പുത്രാ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനായ പരിശുദ്ധാത്മാവേ നീ പരിശുദ്ധനാകുന്നു. ഇപ്രകാരം അവർ പറയുന്നതുപോലെ ആണെങ്കിൽ ഈ മൂന്ന് പേരല്ലാതെ നാലാമത് മറ്റൊരാൾ ആയിരിക്കണം കുരിശിക്കപ്പെട്ടത്. അപ്പോൾ ക്രിസ്ത്യാനികൾ വിശ്വസിക്കുന്നതുപോലെ ത്രിത്വത്തിലല്ല ചതുർത്വത്തിലാണ് അവർ വിശ്വസിക്കുന്നത്. എന്നാൽ നാം പറയുന്നു ഇത് സംബോധന ചെയ്യുന്നത് പുത്രനേയാണ്, നമ്മേ പ്രതിയും നമുക്കുവേണ്ടിയും മനുഷ്യനാകുകയും കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്ത അതേ പുത്രനോടാണ് ദൈവമേ നീ പരിശുദ്ധനാകുന്നു, ബലവാനേ നീ പരിശുദ്ധനാകുന്നു, മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു, ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ടവനേ ഞങ്ങളോട് കരുണചെയ്യണമേ എന്നു പറയുന്നത്.

മൂന്നാമത്തെ ചോദ്യം, ദൈവമേ നീ പരിശുദ്ധനാകുന്നു എന്നു പറയുന്നത് എന്തുകൊണ്ട്? നാം പറയും, നമുക്കുവേണ്ടി മനുഷ്യാവതാരം ചെയ്യുകയും കുരിശിൽ തൂക്കപ്പെടുകയും മരിക്കുകയും നമ്മേ വീണ്ടെടുക്കുകയും ചെയ്ത വചനമാം ദൈവത്തിന് നാം നന്ദി കരേറ്റണം, അതുകൊണ്ടാണ് നാം അവനെ പുകഴ്ത്തുകയും സ്തുതിക്കുകയും ചെയ്യുന്നത്.

നാലാമത്തെ ചോദ്യം, ദൈവമേ നീ പരിശുദ്ധനാകുന്നു എന്ന് നാം പറയുന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്? നാം പറയും, വചനമാം ദൈവത്തെ നാം മനസ്സിലാക്കുമ്പോൾ അവൻ ധനവാനായിരിക്കെ നമുക്കുവേണ്ടി ദരിദ്രനായിത്തീർന്നു. താൻ ദൈവമായിരിക്കെ വ്യത്യാസം കൂടാതെ മനുഷ്യനായിത്തീർന്നു. എന്നാൽ അവൻ നമുക്കുവേണ്ടി മനുഷ്യനായി കാണപ്പെട്ടപ്പോൾ അവൻ പൂർണ്ണ ദൈവമായിരുന്നു. അതുകൊണ്ട് നാം അവന് നന്ദി കരേറ്റിക്കൊണ്ട് ദൈവമേ നീ പരിശുദ്ധനാകുന്നു എന്നു പറയുന്നത്.

ബലവാനേ നീ പരിശുദ്ധനാകുന്നു എന്ന് പറയുന്നത് കൊണ്ട് എന്താണ് നാം അർത്ഥമാക്കുന്നത്? നാം പറയും, നാം മനസിലാക്കുന്നു, വചനമായ ദൈവം നമുക്കുവേണ്ടി ജഡം ധരിക്കുകയും കഷ്ടത അനുഭവിക്കുകയും, പീഡനം ഏൽക്കുകയും, താഢനം എൽക്കുകയും, കുരിശിക്കപ്പെടുകയും ചെയ്തു. ഇങ്ങനെയുള്ള ബലഹീനതയാൽ രണ്ട് രീതിയിൽ താൻ ബലവാനാണെന്ന് അവൻ കാണിച്ചു. താൻ കഷ്ടതകൾക്ക് വിധേയനല്ല എന്നും വഞ്ചകനായ സാത്താനെ താൻ ബന്ധിക്കുകയും ശത്രുവിന്റെ ആധിപത്യത്തിൽ നിന്ന് നമ്മെ വിടുർത്തുകയും ചെയ്തു. പൗലോസ് (ശ്ലീഹാ) പറഞ്ഞതുപോലെ അവൻ തന്റെ ശരീരത്തിന്റെ നഗ്നതയാൽ അർക്കാവോസേന്മാരേയും ആയാറിലെ

ശുൽത്തോനേന്മാരേയും (വാഴ്ചകളേയും അധികാരികളേയും) ലജ്ജിപ്പിച്ചു (കൊലോ 2:14). അതുകൊണ്ട് നാം അവന് നന്ദി കരേറ്റിക്കൊണ്ട് പറയുന്നു ബലവാനേ നീ പരിശുദ്ധനാകുന്നു. വീണ്ടും, അവൻ ബലവാനാകുന്നു (എന്ന് പറയുവാൻ) കാരണം പീഡാതീതനും മരണമില്ലാത്തവനും ആയിരിക്കെ വ്യത്യാസം കൂടാതെ അവൻ മനുഷ്യനാകുവാനും, പീഡകൾ സഹിക്കുവാനും, ക്രൂശിക്കപ്പെടുവാനും മരണപ്പെടുവാനും അവന് കഴിയും.

മരണമില്ലാത്തവനേ നീ പരിശുദ്ധനാകുന്നു എന്ന് പറയുന്നതിലൂടെ നാം എന്താണ് അർത്ഥമാക്കുന്നത്? നാം പറയും, വചനമായ ദൈവം ആയിരിക്കെ ജഡത്തിന്റെ സഹായത്താൽ (യഥാർത്ഥ വാക്കിന്റെ അർത്ഥം മധ്യസ്ഥത എന്നാണ്) മരണത്തെ രുചിച്ചു എന്നിട്ടും മരണമില്ലാത്തവനായി കാണപ്പെട്ടു, അവൻ പാതാളത്തിലേക്ക് ഇറങ്ങി അവിടെ തടവിലായിരുന്ന ആത്മാക്കളെ പുറത്തിറക്കി മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ഇതുമൂലം (നമ്മുടെ) ഉയിർപ്പിന്റെയും മരണമില്ലായ്മയുടെയും വലിയ ഒരു ഉറപ്പ് അവൻ നമുക്ക് നൽകി.

ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ എന്ന് നാം പറയുന്നതിലൂടെ നാം എന്താണ് അർത്ഥമാക്കുന്നത്? നാം പറയും, (നാം) മനസ്സിലാക്കണം, എല്ലാ പീഡകളും അവൻ നമുക്കുവേണ്ടി സഹിച്ചു, ക്രൂശിലെ മരണത്തോളം അവൻ തന്നത്താൻ നമുക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തു. ഞങ്ങൾക്കുവേണ്ടി കുരിശിൽ തറയ്ക്കപ്പെട്ടവനേ ഞങ്ങളോട് കരുണ ചെയ്യണമേ എന്നു നാം പറയുമ്പോൾ ഇപ്പോഴും മറ്റ് എല്ലാ സമയത്തും നമ്മോട് താൻ കരുണ ചെയ്തതുകൊണ്ട് നാം അവന് നന്ദി കരേറ്റുന്നു.

**(വിശുദ്ധ) ഗ്രന്ഥങ്ങളുടെ വായന സംബന്ധിച്ച്.** ഗ്രന്ഥങ്ങൾ നാം വായിക്കുന്നത് ഈ കാരണങ്ങളാലാണ്. ഒന്ന്, ശരീരത്തിന് അപ്പവും വെള്ളവും പോലെ ആത്മീക പോഷണം ആത്മാവിന് നൽകി അതിനെ പരിപോഷിപ്പിക്കണം. രണ്ട്, അവ ജീവന്റെ പഠിപ്പിക്കലുകളും സ്വർഗ്ഗ രാജ്യത്തിന്റെ ശരിയായ അറിയിപ്പുമാണ്.

**ഹാലേലൂയ്യാ, ഗാനം എന്നിവയേക്കുറിച്ച്.** വി. ഗ്രന്ഥവായനയ്ക്ക് മുമ്പുള്ള ഹാലേലൂയ്യായും ഗാനവും പെരുമ്പറയോ കാഹളമോ പോലെയാണ്. അത് വിശ്വാസികളായ ജനങ്ങളെ ദൈവിക വചനങ്ങളെ കേൾക്കുവാൻ കൂട്ടിവരുത്തുന്നു. അത് (വചനം) അവരുടെ ആത്മാക്കൾക്ക് ആത്മീക ഭക്ഷണം പോലെയാണ്.

**എന്തുകൊണ്ടാണ് പഴയത് പുതിയതിന് മുമ്പായി വായിക്കുന്നത്.** നാം പറയുന്നത്, പഴയനിയമം ആദ്യമേ വായിക്കുന്നത് പുതിയത് ശരിയാണ് എന്ന് സാക്ഷ്യം നൽകി തെളിയിക്കുവാനാണ്. വീണ്ടും, പുതിയത് ഇപ്രകാരം പിന്നീട് വായിക്കുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പഴയത് പുതിയതിൽ എപ്രകാരം പൂർത്തിയാകുന്നു എന്നും നിവർത്തിക്കപ്പെടുന്നു എന്നും പറയുവാനാണ്.

**എന്തുകൊണ്ടാണ് നന്നായി നിൽക്കണം എന്ന് ഏവൻഗേലിയോന് മുമ്പ് ശെമ്മാശ്ശൻ പറയുന്നത്?** നാം പറയും, ഇതിന്റെ അർത്ഥം നിശ്ശബ്ദരാവുകയും കേൾക്കുകയും ചെയ്യുക എന്നതാണ്. അദ്ദേഹം മൂന്ന് കാര്യങ്ങൾ ജനങ്ങളോട് ആവശ്യപ്പെടുന്നു. നല്ലവണ്ണം നിൽക്കണം, നിശ്ശബ്ദരായിരിക്കണം, സംസാരിക്കരുത്. പറയാൻ പോകുന്ന കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കണം, അവരുടെ മനസ്സ് മറ്റ് കാര്യങ്ങളിൽ ചുറ്റി സഞ്ചരിക്കരുത് (ഏകാഗ്രതയുള്ളവരായിരിക്കണം).

**നിങ്ങൾക്കെല്ലാവർക്കും സമാധാനം എന്ന് ഏവൻഗേലിയോന് മുമ്പ് പുരോഹിതൻ പറയുന്നതിനെക്കുറിച്ച്.** നാം പറയും, നിങ്ങൾക്കെല്ലാവർക്കും സമാധാനം: ഇത് അർത്ഥമാക്കുന്നത് ഞാൻ വായിക്കുന്ന ഈ അറിയിപ്പ് സ്വർഗ്ഗീയരെയും ഭൗമീകരെയും തമ്മിലും സ്വജാതികളെയും വിജാതികളെയും തമ്മിലും രമ്യമാക്കിയ ക്രിസ്തുവിന്റെ സമാധാനമാണ്. മഹാ സന്തോഷം ഇന്ന് ഞാൻ നിങ്ങളോട് അറിയിക്കുന്നു തുടങ്ങി മാലാഖമാർ ഇടയന്മാരോട് പറഞ്ഞതുപോലെയും സമാധാനം സുവിശേഷിക്കുന്നവരുടെ കാലുകൾ പർവ്വതങ്ങളിൽ എത്ര മനോഹരമെന്ന് പറയുന്നതുപോലെയും സുവിശേഷം അറിയിപ്പിന്റെ വ്യാഖ്യാനമാണ്.

**ഏവൻഗേലിയോന് ശേഷം ശെമ്മാശ്ശൻ നടത്തുന്ന പ്രഖ്യാപനത്തേക്കുറിച്ച്.** നമുക്കുവേണ്ടി മനുഷ്യാവതാരം നടത്തിയ വചനമായ



ദൈവത്തോട് അപേക്ഷിക്കുവാനും യാചിക്കുവാനും ജനത്തോട് ഇത് ആവശ്യപ്പെടുന്നു. ഈ കാര്യങ്ങളെല്ലാം ശെമ്മാശ്ശൻ പ്രധാനമായും ജനത്തോടാണ് പറയുന്നതെന്നകാര്യം പ്രത്യേകം പ്രസ്താവ്യമാണ്.

**പിരിച്ചുവിടപ്പെട്ടവരേ പുറത്തുപോകുവിൻ എന്ന് ശെമ്മാശ്ശൻ പറയുന്നതിനേക്കുറിച്ചും** ആ സമയത്ത് പള്ളിയിൽനിന്ന് പുറത്തേക്ക് പോകുന്നവരേക്കുറിച്ചും മനസ്സിലാക്കുന്നത് നല്ലതാണ്. പിരിച്ചുവിടപ്പെട്ടവരേ പോകുവിൻ എന്ന് ശെമ്മാശ്ശൻ പറയുമ്പോൾ ആ സമയത്ത് അഞ്ച് തരത്തിലുള്ള ആളുകളാണ് പള്ളിയിൽനിന്ന് പുറത്തേക്ക് പോകുന്നത്. വിശ്വാസപഠിതാക്കൾ, പിശാചുബാധിതർ, (മറ്റൊരുതരം) പിശാചുബാധിതർ, ചെറിയ അനുതാപികൾ, വലിയ അനുതാപികൾ എന്നിവരാണ് അവർ. വിശ്വാസപഠിതാക്കൾ ആരെന്നാൽ ഇതുവരേയും മാമോദീസാ ഏൽക്കാത്തവർ ആണ്. എന്നാൽ മാമോദീസായ്ക്ക് മുമ്പായി കുറഞ്ഞ കാലയളവ് (വിശ്വാസ) പഠനം നടത്തിക്കൊണ്ടിരിക്കുന്നവരാണ് അവർ. പിശാചുബാധിതർ ആരെന്നാൽ, പിശാചുക്കളാൽ ബാധിക്കപ്പെട്ടവരാകുന്നു. മറ്റൊരുതരം പിശാചുബാധിതർ ആരെന്നാൽ പാപങ്ങളാൽ പരീക്ഷിക്കപ്പെടുന്നവരാണ്. ഈ രണ്ടു തരം പിശാചുബാധിതരും മാമോദീസാ സ്വീകരിക്കുകയും വിശുദ്ധ രഹസ്യങ്ങളിൽ പങ്കുകൊള്ളുകയും ചെയ്തതിനുശേഷം പരീക്ഷിതരായവരാണ്. വലിയ അനുതാപികൾ കുറേ നാളുകൾക്ക് മുമ്പുതന്നെ അനുതാപം തുടങ്ങുകയും ഇപ്പോൾ അതിന്റെ പരിസമാപ്തിയിൽ എത്താറാവുകയും ചെയ്തവരാണ്. ചെറിയ അനുതാപികൾ അടുത്ത കാലത്ത് അനുതാപം ആരംഭിച്ചവരാണ്. വലുതായാലും ചെറുതായാലും രണ്ടു തരം അനുതാപികളും മാമോദീസാ ഏൽക്കുകയും വിശുദ്ധരഹസ്യങ്ങൾ സ്വീകരിക്കുകയും ചെയ്തതിനുശേഷം പാപം ചെയ്തവരാണ്. ഈ അഞ്ച് തരത്തിലുള്ളവർ (വിശുദ്ധ) ഗ്രന്ഥങ്ങളിൽനിന്നുള്ള വായന കേട്ടതിനുശേഷം പള്ളിയിൽനിന്ന് ഇറങ്ങിപ്പോകുന്നു. ജീവവചനങ്ങൾ കേൾക്കുന്നതുമൂലം അവർ ശുദ്ധീകരിക്കപ്പെടുന്നു. വേദവായനയ്ക്ക് ശേഷം ശെമ്മാശ്ശൻ അവരെ ശുദ്ധീകരിക്കുകയും പറഞ്ഞുവിടുകയും ചെയ്യുന്നു. അവരിൽ എല്ലാവരേയും ഓരോ അറിയിപ്പിനുശേഷം ഒന്നോ രണ്ടോ ഗണങ്ങളായി പറഞ്ഞുവിടുന്നു.

**പിരിച്ചുവിടപ്പെട്ടവരേ (പുല്ലിംഗം) നിങ്ങൾ പോകുവിൻ പിരിച്ചുവിടപ്പെട്ടവരേ (സ്ത്രീലിംഗം) നിങ്ങൾ പോകുവിൻ എന്ന് പറയുന്നതിനേക്കുറിച്ച്.** ഉടൻ പറഞ്ഞു വിടുന്ന അഞ്ച് ഗണങ്ങളിൽ ഓരോന്നിനോടും അദ്ദേഹം പൊതുവായി ഇത് ഓരോരോ വാക്കുകളാൽ പറയുന്നു. "വിശ്വാസപഠിതാക്കളിൽ ആരും" എന്ന് അദ്ദേഹം പറയുമ്പോൾ അതുവരെ മാമോദീസാ ഏൽക്കാത്ത എല്ലാവരും പോകുന്നു. "പിശാചുബാധിതരിൽ ആരും" എന്ന് അദ്ദേഹം വീണ്ടും പറയുമ്പോൾ പിശാചുക്കളാൽ പരീക്ഷിക്കപ്പെട്ടവരും തെറ്റുകളാൽ പരീക്ഷിക്കപ്പെട്ടവരും പോകുന്നു. വീണ്ടും അദ്ദേഹം, "ഞങ്ങളോടുകൂടെ പ്രാർത്ഥിക്കുവാൻ കഴിയാത്തവർ" (അനുവാദമില്ലാത്തവർ) ഇവിടെ കാണരുത് എന്ന് പറഞ്ഞ് രണ്ട് തരം അനുതാപികളേയും പിരിച്ചുവിടുന്നു. അദ്ദേഹം മറ്റുള്ളവരോട് പറയുന്നു മേൽപ്പറഞ്ഞ അഞ്ച് ഗണങ്ങളിൽ ആരുംതന്നെ നിങ്ങളുടെ ഇടയിലില്ലെന്ന് നിങ്ങൾ ഓരോരുത്തരും അറിഞ്ഞിരിക്കണം (ഉറപ്പുവരുത്തണം). കാരണം, അവർ ആരും ഇവിടെ നിൽക്കുവാനോ രഹസ്യവും വിശുദ്ധവുമായ രഹസ്യങ്ങൾ കാണുവാനോ അതിൽ സംബന്ധിക്കുവാനോ യോഗ്യരല്ല.

അദ്ദേഹം പറയുന്നു **കതകുകൾ അടയ്ക്കുകയും നന്നായി നിൽക്കുകയും ചെയ്യുക.** വാതിലുകൾ അടയ്ക്കുക എന്ന് അദ്ദേഹം തന്റെ കൂട്ടുശെമ്മാശ്ശന്മാരോട് ആജ്ഞാപിക്കുന്നു. കാരണം മേൽപ്പറഞ്ഞ അഞ്ച് ഗണങ്ങളിൽ ആരുംതന്നെ പ്രവേശിക്കാതെ വാതിലുകൾ നന്നായി കാക്കുക. വിശുദ്ധ ജനത്തോട് വിശുദ്ധ രഹസ്യങ്ങളിൽ നല്ലവണ്ണം (ശ്രദ്ധിച്ച്) നിൽക്കുവാൻ ആജ്ഞാപിക്കുന്നു.

വിശ്വാസപഠിതാക്കളോട് നാം പറയുന്നതിന് കാരണം, അവർ ഇതുവരേയും മാമോദീസാ സ്വീകരിച്ചിട്ടില്ല. മാമോദീസാ സ്വീകരിക്കാത്തവർ വിശുദ്ധ രഹസ്യങ്ങളിൽ പങ്കാളികളാകുന്നത് യോഗ്യമല്ല. ഇതുവരെയും പാപങ്ങളിൽനിന്ന് ശുദ്ധീകരണം പ്രാപിക്കാത്തവരും മാമോദീസായാൽ വിശുദ്ധീരിക്കപ്പെടാത്തവരും അശുദ്ധിയിൽ നിന്ന് വെടിപ്പാകപ്പെടാത്തവരും (വിശുദ്ധ) രഹസ്യങ്ങളെ സ്പർശിക്കുവാൻ പാടില്ല.

പിശാചുക്കളാൽ ബാധിക്കപ്പെട്ടവരോട്, പിശാചുക്കളാൽ പരീക്ഷിക്കപ്പെട്ട പ്രായപൂർത്തിയായവരോ ശിശുക്കളോ എന്തുകൊണ്ട് പരീക്ഷിക്കപ്പെട്ടു? സർവ്വവിജ്ഞാനിയും പരീക്ഷിച്ചുകൂടാത്തവനുമായ ദൈവത്തിനു മാത്രം അറിയാം. അതിൽനിന്ന് ഇനി (പറയുന്ന) കാര്യങ്ങൾ നമുക്ക് മനസ്സിലാക്കാം. പ്രായപൂർത്തിയായവർ മൂന്ന് കാരണങ്ങളാൽ സാത്താനാൽ പരീക്ഷിക്കപ്പെടുന്നു. അവരുടെ പാപം മൂലമോ അല്ലെങ്കിൽ അവർ ദൂഷണം പറയാതിരിക്കേണ്ടതിന് ഞാൻ അവരെ സാത്താന് ഏൽപ്പിക്കും (1 തിമോ. 1:20) എന്ന് പറയുംപോലെയോ, അല്ലെങ്കിൽ ഭീരുത്വമോ അലസതയോ നിമിത്തമോ, അവർ പിശാചുക്കളെ അനുസരിക്കുന്നതിലൂടെയോ, അതുമല്ലെങ്കിൽ "അവൻ അവനെ പ്രേരിപ്പിച്ചതുകൊണ്ട് അവർ പരീക്ഷിതരായി" എന്ന് കുപ്രിയാനോസ് (സിപ്രിയൻ) സഹദായ്ക്ക് സംഭവിച്ചതുപോലെയോ ആകാം. കുട്ടികൾ പരീക്ഷിക്കപ്പെടുന്നത്, ചിലപ്പോൾ അവരുടെ പിതാക്കന്മാരുടെ പാപങ്ങൾ മൂലം ആകാം അല്ലെങ്കിൽ നെബൂക്കദ്നേസറിനെ വൃക്ഷത്തിന്റെ സ്വപ്നം കാണിക്കുകയും ദാനീയേൽ മുഖാന്തിരം അത് അവന് വെളിപ്പെടുത്തുകയും അത് സംഭവിക്കുന്നതിന് മുമ്പ് അതിനുള്ള പ്രതിവിധി അവനെ അറിയിക്കുകയും ചെയ്തതുപോലെ അവർക്ക് (കുട്ടികൾക്ക്) സംഭവിക്കാനിരിക്കുന്നത് ദൈവം മുന്നമേ കാണുകയും രോഗത്തിന് മുമ്പ് ഔഷധം നൽകുകയും ചെയ്യും. ഇപ്രകാരം പിശാചു ബാധിതരെ അവർ പറഞ്ഞയക്കുന്നു. മൂന്ന് കാരണങ്ങളാൽ അവരെ വിശുദ്ധരഹസ്യങ്ങളിൽ പങ്കാളികൾ ആക്കുന്നില്ല. ഒന്ന് (വിശുദ്ധ) രഹസ്യങ്ങൾ ഇങ്ങനെ പിശാചുക്കളാൽ അപമാനിക്കപ്പെടുവാൻ പാടില്ല. മറ്റൊന്ന്, മശിഹാരാജാവ് അവരോട് കോപിച്ചിരിക്കയാൽ അവന്റെ രാജഭവനത്തിൽനിന്ന് യാതൊരു രഹസ്യങ്ങളും അവർക്ക് നൽകുകയില്ല. കൂടാതെ, പരിശുദ്ധാത്മാവിനും അശുദ്ധാത്മാവിനും ഒന്നിച്ച് വസിക്കുവാൻ കഴിയുകയില്ല.

തുടർന്ന് രണ്ടു തരത്തിലുമുള്ള അനുതാപികൾ പള്ളിയിൽനിന്ന് പുറത്തുപോകുന്നു. വിശുദ്ധരഹസ്യങ്ങൾ കൈക്കൊണ്ടതിനുശേഷം അവർ പാപം ചെയ്തതുകൊണ്ട് അവർക്ക് രഹസ്യങ്ങൾ നൽകുന്നില്ല. രാജാവിനോട് തെറ്റു ചെയ്ത് അവനിൽനിന്ന് ലഭിച്ച സമ്മാനങ്ങൾ രാജാവിന്റെ ശത്രുക്കൾക്ക് കൊണ്ടുപോയി കൊടുക്കുന്ന ദാസന്മാരേപ്പോലാണ് അവർ. രാജാവ് അത് അറിയുമ്പോൾ മറ്റ് സമ്മാനങ്ങൾ കൊടുക്കാതെ അവരെ അവൻ വിലക്കുന്നു.

**രഹസ്യങ്ങൾ മദ്ബഹായിൽനിന്ന് ഹൈക്കലായിലേക്ക് പ്രദക്ഷിണമായി പുറപ്പെട്ട് തിരികെ മദ്ബഹായിലേക്ക് കൊണ്ടുവരുന്നതിനേക്കുറിച്ച്:** മദ്ബഹായിൽ നിന്ന് രഹസ്യങ്ങൾ ഹൈക്കലായിലേക്ക് ഭംഗിയായി പോയി മദ്ബഹായിലേക്ക് തിരികെ പ്രവേശിക്കുന്നത് വചനമായ ദൈവം ഇറങ്ങിവന്ന് മനുഷ്യനായി ലോകത്തിൽ ചുറ്റി സഞ്ചരിച്ച് തന്റെ മനുഷ്യാവതാര പ്രവർത്തനങ്ങളെ നമുക്കുവേണ്ടി പൂർത്തീകരിച്ചു സ്ലീബായിന്മേൽ തൂക്കപ്പെട്ട ശേഷം പിതാവിന്റെ സന്നിധിയിലേക്ക് കരേറിപ്പോയി എന്നാണ് അർത്ഥമാക്കുന്നത്.

**മദ്ബഹാ എന്തിനെ സൂചിപ്പിക്കുന്നു?**

മദ്ബഹാ ജീവവൃക്ഷമായ ഇമ്മാനുവേൽ ആകുന്നു എന്ന് ദീവന്നാസ്യോസ് പറയുന്നു. കുർബാനയായ കർത്താവ് ബലിയായി അർപ്പിക്കപ്പെട്ട ക്രൂശാണ് മദ്ബഹാ എന്ന് മറ്റു ചിലർ പറയുന്നു. മശിഹായുടെ കബറാകുന്നു മദ്ബഹാ എന്ന് വിശുദ്ധനായ മാർ യോഹന്നാൻ പറയുന്നു. മദ്ബഹാ ക്രിസ്തു എന്ന് വിളിക്കപ്പെടുന്നു, ജീവവൃക്ഷമെന്ന് വിളിക്കപ്പെടുന്നു, ക്രൂശ് എന്ന് വിളിക്കപ്പെടുന്നു, മറ്റു ചില (പേരുകളിൽ കൂടെയും അറിയപ്പെടുന്നു) എന്ന് നാം മനസ്സിലാക്കുന്നു. എന്നാൽ ഇവിടെ മശിഹായുടെ കബറായി സൂചിപ്പിക്കപ്പെടുന്നു എന്ന് നാം പറയുന്നു. അവനെ കുരിശിൽ തറച്ചതിനു ശേഷം (ഇറക്കി) വച്ച കബറിന്റെ സ്ഥാനമാകുന്നു മദ്ബഹായുടേത്. നാം മദ്ബഹാ ഉണ്ടാക്കുമ്പോൾ കബർ പോലെ വടക്കു വശത്തു നിന്ന് തെക്ക് വശത്തേക്ക് നീളത്തിൽ ഉണ്ടാക്കുന്നത് ഇതിനെ സാധൂകരിക്കുന്നു. വീണ്ടും മദ്ബഹാ ഇമ്മാനുവേലിനെയാണ് സൂചിപ്പിക്കുന്നതെങ്കിൽ ശരീരവും രക്തവും ഇമ്മാനുവേലിന്റെ ക്നൂമാ ആകയാൽ രണ്ട് ഇമ്മാനുവേൽ ഇവിടെ കാണപ്പെടും. വീണ്ടും, മദ്ബഹാ കുരിശിനെയാണ് സൂചിപ്പിക്കുന്നതെങ്കിൽ മറ്റുള്ളവർ പറയുന്നതുപോലെ നാം ക്രിസ്തുവിന്റെ ശരീരവും രക്തവുമാണ് അതിൽ അർപ്പിക്കുന്നത്. അതായത് നാം അവന്റെ ക്രൂശീകരണത്തിന്റെയും ബലിയുടേയും ഓർമ്മയാണ് നടത്തുന്നത്. അങ്ങനെ നാം (വീണ്ടും) അവന്റെ ക്രൂശകർ ആകുകയാണ്. പൗലോസ് (ശ്ലീഹാ) പറയുന്നു *അവൻ ഒരിക്കലായി ക്രൂശിക്കപ്പെട്ടു* (എബ്രാ 9:28). അതുകൊണ്ട് മദ്ബഹാ മശിഹായുടെ കബറാണ് എന്ന കാര്യത്തെ ഉറപ്പിക്കുന്നു. എന്റെ മരണത്തിന്റെ ഓർമ്മയ്ക്കായി ഇപ്രകാരം ചെയ്‌വീൻ മുതലായി പറയുന്നത് ഇതിനെ സ്ഥിരീകരിക്കുന്നു. അവന്റെ മരണവും ഉത്ഥാനവും കബറിനുള്ളിലും കബറിൽനിന്നും ആകുന്നു (in the tomb and from the tomb).

**മദ്ബഹായ്ക്ക് (ബലിപീഠത്തിന്) മേൽ വച്ചിരിക്കുന്ന അപ്പവും വീഞ്ഞും എന്തിനെ സൂചിപ്പിക്കുന്നു?** അപ്പം വചനമായ ദൈവത്തിന്റെ ശരീരത്തെയും വീഞ്ഞ് അവന്റെ രക്തത്തേയുമാണ് സൂചിപ്പിക്കുന്നത്.

**എന്തുകൊണ്ടാണ് നാം കാസായിൽ വീഞ്ഞ് മാത്രമല്ലാതെ വീഞ്ഞും വെള്ളവും ചേർത്ത് കലർത്തുന്നത്?** കാരണം കുന്തം കൊണ്ട് കുത്തിയപ്പോൾ നമ്മുടെ കർത്താവിന്റെ മാർവ്വിൽ നിന്ന് രക്തവും വെള്ളവും ഒഴുകി അല്ലാതെ രക്തം മാത്രമല്ല. രക്തത്തോടുകൂടെ വെള്ളവും കലർന്നിരുന്നു. അവനിൽനിന്ന് രക്തവും വെള്ളവും ഒഴുകി എന്ന് യൂഹാനോൻ ഏവൻഗേലിസ്ഥാ പറയുന്നു.

**പുരോഹിതൻ എന്ത് സ്ഥാനമാണ് വഹിക്കുന്നത്?** പുരോഹിതൻ മശിഹായേയാണ് സൂചിപ്പിക്കുന്നതെന്ന് നാം പറയും. അവനെ ജനിപ്പിച്ചവന്റെ മുമ്പാകെ അവന്റെ ശരീരം മുറിച്ച് തന്റെ ശിഷ്യന്മാർക്ക് വിഭജിച്ച് കൊടുത്തു. ഇത് നിങ്ങൾക്കുവേണ്ടിയുള്ള എന്റെ ശരീരം ആകുന്നു എന്ന് തുടങ്ങിയവ പുരോഹിതനും പറയുന്നു. രണ്ടാമത്, പുരോഹിതൻ സഭയ്ക്കു മുഴുവനായി ദൈവത്തോട് അപേക്ഷിക്കുന്ന വിശ്വാസ സമൂഹമാകുന്ന ശരീരത്തിന്റെ തലയിലെ നാവ് ആകുന്നു. മൂന്നാമതായി, അദ്ദേഹം ആത്മീയ ചിത്രങ്ങൾ (വിശുദ്ധ) രഹസ്യങ്ങളിൽ വരയ്ക്കുന്ന ചിത്രകാരനാണ്. നാലാമതായി, ദൈവത്തിനും മനുഷ്യനും ഇടയിലുള്ള മദ്ധ്യസ്ഥനാണ് അദ്ദേഹം.

(തുടരും)



**പ. ബസേലിയോസ് ഗീവർഗീസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 94-ാം ഓർമ്മപ്പെരുന്നാൾ പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ യൂഹാനോൻ മാർ ദീയസ്ക്കോറോസ്, സഖറിയ മാർ സേവെറിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകാർമ്മികത്വത്തിൽ നടന്നു.**






പിറമാടം സെന്റ് ജോൺസ് പള്ളി



മലങ്കരസഭയിലെ കണ്ടനാട് ഈസ്റ്റ് ഭദ്രസനത്തിൽപെട്ട പിറമാടം സെന്റ് ജോൺസ് പള്ളിയിൽ കോടതി വിധി നടപ്പാക്കി.



അഖില മലങ്കര ഓർത്തഡോക്സ് ശുശ്രൂഷക സംഘം (ആമോസ്) സെൻട്രൽ ട്രാവൻകൂർ സോൺ വാർഷിക സമ്മേളനം ഡോ. യൂഹാനോൻ മാർ തേവോദോറോസ് ഉദ്ഘാടനം ചെയ്യുന്നു.

### മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം

## ഒരു വർഷം നീളുന്ന പരിപാടികളുമായി ഓർത്തഡോക്സ് സഭ

കോട്ടയം: മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം വിപുലമായ പരിപാടികളോടെ ഓർത്തഡോക്സ് സഭ ആഘോഷിക്കും. ഒരു വർഷം നീളുന്ന പരിപാടികൾ 21-നു വൈകിട്ട് 3-നു നിരണം സെന്റ് മേരീസ് വലിയ പള്ളിയിൽ ഗോവ ഗവർണർ പി. എസ്. ശ്രീധരൻപിള്ള ഉദ്ഘാടനം ചെയ്യും. പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ അധ്യക്ഷത വഹിക്കും. സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യപ്രഭാഷണം നടത്തും.

ഇന്നു നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ നിന്നു നിരണം വലിയപള്ളിയിലേക്കു സ്മൃതി യാത്രയും ദീപശിഖാ പ്രയാണവും നടന്നു. വാർഷികാചരണത്തിന്റെ ഭാഗമായി 4 കോടി രൂപ ചെലവിൽ 50 പേർക്കു വീട് നിർമിച്ചു നൽകുമെന്നു കാതോലികരാ ബാവാ പറഞ്ഞു. മലങ്കരസഭാ ഡയറക്ടറി പുറത്തിറക്കും.

2,000 പേർക്കു ഭവനങ്ങൾ നിർമിച്ചു നൽകുന്നതുൾപ്പെടെയുള്ള ജീവകാരുണ്യ പദ്ധതികളും സഭയുടെ ലക്ഷ്യമാണെന്നും ബാവാ പറഞ്ഞു.

നിരണം ഭ്രദാസനത്തിൽ 10 വീടുകളുടെ നിർമാണം പൂർത്തിയായതായി ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, വൈദിക ട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അൽമായ ട്രസ്റ്റി റോണി വർഗീസ് ഏബ്രഹാം, അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ തുടങ്ങിയവർ അറിയിച്ചു.

## കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം വേണമെന്ന് പ. കാതോലിക്കാ ബാവാ

കോട്ടയം: ബഫർസോൺ വിഷയത്തിൽ പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്താനുള്ള നടപടികൾക്കൊപ്പം കുടിയേറ്റ കർഷകരുടെ ജീവനും സ്വത്തിനും സംരക്ഷണം കൊടുക്കാനും സർക്കാർ തയാറാകണമെന്നു പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ. നൂറ്റാണ്ടുകളായി താമസിക്കുന്നവരല്ല പ്രകൃതിയെ നശിപ്പിക്കുന്നത്. വൻ ക്വാറികളും റിസോർട്ട് നിർമാണവുമാണു പ്രകൃതിക്കു വിനയാകുന്നത്. അവർക്കെതിരെയാണു നടപടി വേണ്ടതെന്നും ബാവാ പറഞ്ഞു.



മർത്തമറിയം വനിതാ സമാജം കണ്ടനാട് ഈസ്റ്റ് ഭദ്രാസന ഏകദിന സമ്മേളനം മണ്ണത്തൂർ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ വച്ച് ഡോ. തോമസ് മാർ അത്താനാസിയോസ് ഉദ്ഘാടനം ചെയ്തു.

# വി. നോമ്പ്: ഒരു ആമുഖം


## ഫാ. പി. വി. ജോൺ ചെങ്ങന്നൂർ

(തുടർച്ച)

സഭ അനുഷ്ഠിക്കുന്ന ആചാരാനുഷ്ഠാനങ്ങളുടെ കാര്യങ്ങളിൽ വി. വേദപുസ്തകത്തിന്റെ പ്രസക്തി എത്രമാത്രം ഉണ്ടെന്നു ഇതു വെളിവാക്കുന്നു. അതുകൊണ്ടുതന്നെ ഇവകളുടെ തെളിവുകൾ വി. വേദപുസ്തകത്തിൽ മാത്രം അന്വേഷിച്ചു കണ്ടെത്താൻ കഴിയുകയില്ല. ഇവിടെ അലിഖിത പാരമ്പര്യങ്ങളെ ലിഖിത പാരമ്പര്യമായ വി. വേദപുസ്തകം പോലെതന്നെ അംഗീകരിക്കേണ്ടതായി വരുന്നു. വേദപുസ്തകേതര പാരമ്പര്യങ്ങൾ സഭയിൽ ഉണ്ടായിരുന്നു എന്നതിനു മതിയായ തെളിവുകൾ വി. വേദപുസ്തകത്തിൽ തന്നെ നമുക്കു കാണാൻ കഴിയുന്നുമുണ്ട്. കർത്താവ് തന്റെ പരസ്യശുശ്രൂഷയിലൂടെ വെളിപ്പെടുത്തിതന്ന കാര്യങ്ങൾ നമുക്കു കണ്ടെത്താൻ കഴിയുന്നതു സുവിശേഷങ്ങളിലൂടെയാണ്. എന്നാൽ കർത്താവ് പറഞ്ഞതും പ്രവർത്തിച്ചതുമായ കാര്യങ്ങൾ മുഴുവൻ സുവിശേഷങ്ങൾ പോലും വെളിവാക്കുന്നില്ലായെന്നു വി. യോഹന്നാൻ തന്റെ സുവിശേഷത്തിൽ 20:30, 21:25 എന്നീ വാക്യങ്ങളിൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. കർത്താവിന്റെ പ്രവൃത്തികളും ഉപദേശങ്ങളും അപ്പോസ്തോലന്മാരുടെ പ്രസംഗങ്ങളിലും ഉപദേശങ്ങളിലും കൂടെ കൈമാറി വരികയായിരുന്നു. “വാങ്ങുന്നതിനേക്കാൾ കൊടുക്കുന്നതു നല്ലത്'' (അപ്പോ. 20:35) എന്നു കർത്താവു പറഞ്ഞിരിക്കുന്നുവെന്നു വി. പൗലോസ് ശ്ലീഹാ ഉദ്ധരിച്ചിരിക്കുന്ന വാചകം സുവിശേഷങ്ങളിലൊന്നും കാണുന്നില്ലായെന്നതു ഇതിനു മതിയായ തെളിവാണ്. ഇവ സഭയുടെ പാരമ്പര്യങ്ങളിലൂടെ മാത്രമേ നമുക്കു ഗ്രഹിക്കുവാൻ കഴിയുകയുള്ളു.

പാരമ്പര്യമെന്നതു വി. വേദപുസ്തകം പോലെ തന്നെ പ്രാധാന്യമുള്ളതാണെന്നതിനു പ. പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളിൽ തെളിവു കണ്ടെത്താൻ കഴിയും. പാരമ്പര്യം എന്ന വാക്കിനു വി. വേദപുസ്തകത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്ന പദം 'പാരഡോസിസ്' എന്നാണ്. അതിന്റെ അർത്ഥം കൈമാറി തന്നതു എന്നാണ്. മലയാളത്തിൽ 'പ്രമാണം' എന്നും ഇംഗ്ലീഷിൽ 'tradition' എന്നുമാണ് തർജ്ജമ ചെയ്തിരിക്കുന്നത്. ഉദാഹരണങ്ങൾ ശ്രദ്ധിക്കുക: “നിങ്ങൾ ഉറച്ചു നിന്നു ഞങ്ങൾ വാക്കിനാലോ ലേഖനത്താലോ ഉപദേശിച്ചു തന്ന പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവീൻ” (2 തെസ്സ. 2:15) എന്നും, “ഞങ്ങളോടു പ്രാപിച്ച പ്രമാണങ്ങളെ മുറുകെ പിടിച്ചുകൊൾവീൻ'' (2 തെസ്സ. 3:6) എന്നും പറഞ്ഞിരിക്കുന്നിടത്തു 'പാരഡോസിസ്' എന്ന വാക്കാണു ഉപയോഗിച്ചിരിക്കുന്നത്. വാക്കാൽ പറഞ്ഞുകൊടുത്ത പ്രമാണങ്ങൾ ആ സഭയുടെ പാരമ്പര്യത്തിലല്ലേ കാണുകയുള്ളു. 1 കൊരി. 11:34-ൽ “ശേഷം കാര്യങ്ങൾ ഞാൻ വന്നു ക്രമപ്പെടുത്തിക്കൊള്ളാം” എന്നു പ. പൗലോസ് ശ്ലീഹാ പറഞ്ഞിരിക്കുന്നു. പിന്നീട് കൊരിന്തിൽ വന്നു ക്രമപ്പെടുത്തിയിരിക്കുന്നതു ആ സഭയുടെ പാരമ്പര്യത്തിലല്ലേ കാണുകയുള്ളു. ഫിലി. 4:9-ൽ “എന്നോടു പഠിച്ചും കേട്ടും കണ്ടുമുള്ളതു പ്രവർത്തിപ്പീൻ” എന്നും 2 തിമൊ. 2-ൽ “എന്നോടു കേട്ടതു ... സമർത്ഥരായ വിശ്വസ്ത മനുഷ്യരെ ഭരമേല്പിക്ക” എന്നും 2 തിമൊ. 1:13-ൽ “എന്നോടു കേട്ട പഥ്യവചനം നീ യേശുക്രിസ്തുവിലുള്ള വിശ്വാസത്തിലും സ്നേഹത്തിലും മാതൃകയാക്കി കൊൾക'' എന്നും എബ്രാ. 2:1-ൽ “അതുകൊണ്ടു നാം വല്ലപ്പോഴും ഒഴുകിപ്പോകാതിരിക്കേണ്ടതിനു കേട്ടതു അധികം ശ്രദ്ധയോടെ കരുതിക്കൊൾവീൻ” എന്നുമുള്ള വാക്യങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത അനേകം കാര്യങ്ങൾ വിവിധ സഭകൾക്കു വാക്കിനാൽ ഉപദേശിച്ചിരുന്നു എന്നു വ്യക്തമാക്കുന്നു. അവ എന്തൊക്കെ ആയിരുന്നുവെന്നു മനസ്സിലാക്കുവാൻ കഴിയുന്നതു ആ സഭയുടെ പാരമ്പര്യങ്ങളിലൂടെ മാത്രമാണ്. അപ്പോസ്തോലന്മാരുടെ കാലം മുതൽ സഭ ആചരിച്ചുവന്നിരുന്ന ആചാരാനുഷ്ഠാനങ്ങൾക്കു തെളിവുകൾ വി. വേദപുസ്തകം മാത്രമല്ലെന്ന സത്യം ഇവിടെ വെളിവാകുന്നു.

ഒരു കാര്യം കൂടെ പറഞ്ഞു ആ ഭാഗം അവസാനിപ്പിക്കുന്നു. ക്രൈസ്തവ സഭയുടെ ആചാരാനുഷ്ഠാനങ്ങൾ യഹൂദമതത്തിന്റെ പിൻതുടർച്ചയാണെന്നു പറയുമ്പോൾ മറ്റൊരു ചോദ്യം ഉയർന്നു വരാവുന്നതാണ്. പഴയനിയമ കാലത്തു കാണാത്ത ചില ആചാരങ്ങൾ, വി. കുർബ്ബാന, മാമോദീസാ തുടങ്ങിയവ സഭയിൽ ഉണ്ടല്ലോ. ഇവ കർത്താവ് സ്ഥാപിച്ചതാണെന്നു പറഞ്ഞാലും ഇന്നു ചെയ്യുന്നതുപോലെ ആചരിക്കുവാൻ കർത്താവ് പറഞ്ഞിട്ടില്ലല്ലോ എന്നു ചോദിക്കാവുന്നതാണ്. ഉത്തരം ഒന്നു മാത്രമേയുള്ളു. വി. യോഹ. 16:13: “അവൻ വന്നു നിങ്ങളെ സകല സത്യത്തിലും വഴിനടത്തും'' എന്നു കർത്താവ് വാഗ്ദത്തം ചെയ്ത പരിശുദ്ധാത്മാവിന്റെ വ്യാപാരത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു തന്നെയാണ് അതിനുള്ള ഉത്തരം. കർത്താവ് പഠിപ്പിച്ചതും ഉപദേശിച്ചതും കൂടാതെയുള്ള സത്യങ്ങളിലൂടെ സഭയെ നയിക്കുവാനായിട്ടാണു കർത്താവ് പരിശുദ്ധാത്മാവിനെ നൽകിയത് എന്നു ഈ വാക്യം വ്യക്തമാക്കുന്നു. വി. യോഹ. 14:26: “എങ്കിലും പിതാവ് എന്റെ നാമത്തിൽ അയപ്പാനുള്ള പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥൻ നിങ്ങൾക്കു സകലവും ഉപദേശിച്ചു തരികയും ഞാൻ നിങ്ങളോടു പറഞ്ഞതു ഒക്കെയും ഓർമ്മപ്പെടുത്തുകയും ചെയ്യും” എന്ന വാഗ്ദത്തം കൂടെ ഇതിനോടു ചേർത്തു വായിക്കുമ്പോൾ കുറേക്കൂടെ സുവ്യക്തമാകുന്നു. എന്നാൽ ആ വിധത്തിലുള്ള പരിശുദ്ധാത്മ നടത്തിപ്പു സഭയ്ക്കു ലഭിക്കുന്നതു പ്രത്യേക കൈവയ്പിലൂടെ ഈ അധികാരം ലഭിച്ച പ. ശ്ലീഹന്മാരിലൂടെയും അവർ അധികാരപ്പെടുത്തിയ സഭാസ്ഥാനികളിലൂടെയും മാത്രമാണ്. എല്ലാവർക്കും ലഭിക്കുന്ന ആത്മനൽവരമായിട്ടല്ല അതു നൽകിയിരിക്കുന്നത്. ഇന്ന് അത് പരിശുദ്ധ സുന്നഹദോസിൽ നിക്ഷിപ്തമാണെന്നു സാരം. അപ്പോസ്തോലന്മാരുടെ കാലത്തു ഉണ്ടായ അഭിപ്രായ ഭിന്നത (യഹൂദ ക്രിസ്ത്യാനികളും പുറജാതിക്രിസ്ത്യാനികളും തമ്മിലുണ്ടായ വിശ്വാസപരമായ ചേർച്ചയില്ലായ്മ) പരിഹരിച്ചത് അപ്പോസ്തോലന്മാരുടെ യോഗമായിരുന്നു എന്നു അപ്പോ. 15-ാം അദ്ധ്യായത്തിൽ കാണുന്നു. സഭാംഗങ്ങൾ എല്ലാവരും കൂടിയോ, ആരെങ്കിലും ഒരാൾ മാത്രമോ എടുത്ത തീരുമാനമായിരുന്നില്ല അത്. അവരുടെ തീരുമാനത്തെക്കുറിച്ചു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. അപ്പോ. 15:28: ''വിഗ്രഹാർപ്പിതം, രക്തം, ശ്വാസംമുട്ടി ചത്തത്, പരസംഗം എന്നിവ വർജ്ജിക്കുന്നതു ആവശ്യം എന്നല്ലാതെ അധികമായ ഭാരം ഒന്നും നിങ്ങളുടെമേൽ ചുമത്തരുത് എന്ന് പരിശുദ്ധാത്മാവിനും ഞങ്ങൾക്കും



തോന്നിയിരിക്കുന്നു.'' പരിശുദ്ധാത്മാവിനും തോന്നിയിരിക്കുന്നു എന്നു പറഞ്ഞിരിക്കുന്നതിനാൽ ആ തീരുമാനം തങ്ങളുടേതല്ല, പരിശുദ്ധാത്മാവിന്റേതാണെന്നു വെളിവാകുന്നു. വി. വേദപുസ്തക വാക്യങ്ങൾ തെളിവായി കാണിക്കുവാനില്ലാത്ത ആചാരാനുഷ്ഠാനങ്ങളെല്ലാം വേദവിപരീതമാണെന്നു പറഞ്ഞു പരിത്യജിക്കുന്നതു പരിശുദ്ധാത്മാവിന്റെ വ്യാപാരശക്തിയെ പൂർണ്ണമായി ഗ്രഹിക്കാൻ കഴിയാത്തതുകൊണ്ടാണ്. വി. സഭ ആചരിക്കുന്ന അഞ്ചു നോമ്പുകളും ബുധൻ, വെള്ളി നോമ്പുകളും ഞായറാഴ്ച ആചരണവുമെല്ലാം സഭയിൽ ഈവിധത്തിൽ കടന്നു വന്നതാകയാൽ അവയ്ക്കൊന്നും വേദപുസ്തക തെളിവുകൾ തേടേണ്ടതില്ല എന്നതാണു സത്യം.

എങ്കിലും വി. നോമ്പിനെക്കുറിച്ചു വി. വേദപുസ്തകത്തിൽ എന്തെങ്കിലും പരാമർശങ്ങളുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ അർത്ഥവും പ്രസക്തിയും എന്ത് എന്ന് അന്വേഷിക്കുന്നതു ഉചിതമായിരിക്കും. ഭക്ഷണം വെടിയാൻ നിഷ്കർഷിക്കുന്ന നോമ്പിനു എതിരായി ചിലർ ചൂണ്ടിക്കാണിക്കുന്ന വേദത്തെളിവുകൾ ആദ്യം നമുക്കു പരിശോധിക്കാം. അവർ ചൂണ്ടിക്കാണിക്കുന്ന ഒന്നു നമ്മുടെ കർത്താവു പറഞ്ഞ വാക്കുകൾ തന്നെയാണ്. വി. മത്തായി 15:11, വി. മർക്കോസ് 7:15 എന്നീ വാക്യങ്ങളാണ്. "മനുഷ്യനു അശുദ്ധി വരുത്തുന്നതു വായ്ക്കകത്തു ചെല്ലുന്നതല്ല, വായിൽനിന്നു പുറപ്പെടുന്നതത്രേ. അതു മനുഷ്യനെ അശുദ്ധമാക്കുന്നു" എന്ന കർത്താവിന്റെ വാക്കുകൾ എന്തും ഭക്ഷിക്കുവാനുള്ള ലൈസൻസായിട്ടാണു അവർ കാണുന്നത്. ഒരു കാര്യം ഇവിടെ ആദ്യമേ അറിയേണ്ടതുണ്ട്. സന്ദർഭത്തിൽ നിന്നു അടർത്തി മാറ്റി ഒരു വാക്യം മാത്രമെടുത്തു വ്യാഖ്യാനിക്കുന്നതുകൊണ്ടു വന്നു ഭവിക്കുന്ന തെറ്റായ ധാരണയാണ് ഇങ്ങനെ ചിന്തിക്കുവാൻ പ്രേരിപ്പിക്കുന്നത്. ഈ വാക്യം എന്തിനു പറഞ്ഞു? എപ്പോൾ പറഞ്ഞു? എന്നു കൂടി ശ്രദ്ധിക്കുമ്പോൾ മാത്രമേ അതിന്റെ ശരിയായ അർത്ഥം മനസ്സിലാകുകയുള്ളു. കർത്താവിന്റെ വാക്കുകൾക്കു വാച്യാർത്ഥത്തിനു അപ്പുറത്തു ചില അർത്ഥതലങ്ങൾ കൂടെയുണ്ട്. ദൈവരാജ്യത്തിന്റെ മർമ്മങ്ങളെ ഗ്രഹിക്കുവാൻ വരം ലഭിച്ച (വി. ലൂക്കോസ് 8:10) ശിഷ്യന്മാർക്കു പോലും പലതും ഗ്രഹിക്കാൻ കഴിഞ്ഞില്ല എന്നു കാണുന്നു. ഇവിടെയും കർത്താവു പറഞ്ഞതു ശിഷ്യന്മാർക്കു ശരിക്കു മനസ്സിലായില്ലായെന്നു നാം കാണുന്നുമുണ്ട്. ഇതിന്റെ അർത്ഥം പൂർണ്ണമായി ഗ്രഹിക്കണമെങ്കിൽ രണ്ടുമൂന്നു കാര്യങ്ങൾ ശ്രദ്ധിച്ചേ മതിയാകു. വി. മത്തായി 15:1–20, വി. മർക്കോസ് 7:1–23 എന്നീ ഭാഗങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം എന്നതാണു ഒന്നാമത്തെ കാര്യം. സന്ദർഭം മനസ്സിലാക്കണമെന്നു സാരം. ശിഷ്യന്മാർ പൂർവ്വന്മാരുടെ സമ്പ്രദായം ലംഘിച്ചു കൈകഴുകാതെ ഭക്ഷിക്കുന്നതു കണ്ട പരീശന്മാരും ശാസ്ത്രിമാരും പരാതിപ്പെട്ടപ്പോൾ കർത്താവു നൽകിയ മറുപടി ആണു ഇത്. ഒരു ഭക്ഷണവും വർജ്ജിക്കേണ്ടതില്ല എന്ന അർത്ഥത്തിലല്ല കർത്താവ് ഇങ്ങനെ പറഞ്ഞത്. ഭക്ഷണകാര്യത്തിലുള്ള അവരുടെ സമ്പ്രദായത്തെയാണ് കർത്താവു ഇവിടെ വിമർശിച്ചത്. ന്യായപ്രമാണങ്ങളെ അല്ല, ന്യായപ്രമാണം ആചരണങ്ങളിൽ വന്ന പിഴവുകളെയാണു കർത്താവ് വിമർശിച്ചിട്ടുള്ളത്. നിങ്ങളുടെ സമ്പ്രദായംകൊണ്ടു നിങ്ങൾ ദൈവകല്പനകളെ ലംഘിക്കുന്നതു എന്തു കൊണ്ടു എന്നു ചോദിച്ചിട്ടു നിന്റെ പിതാവിനേയും മാതാവിനേയും ബഹുമാനിക്ക എന്ന ദൈവകല്പനയോടു കൂട്ടിച്ചേർത്ത മാനുഷിക കല്പന ചൂണ്ടിക്കാട്ടി കർത്താവു പറയുന്നു: "ഇങ്ങനെ നിങ്ങളുടെ സമ്പ്രദായത്താൽ നിങ്ങൾ ദൈവവചനത്തെ ദുർബ്ബലമാക്കുന്നു" (മത്തായി 15:6). ഭക്ഷണത്തെക്കുറിച്ചല്ല അതു ഭക്ഷിക്കുന്നതിൽ കൂട്ടിച്ചേർത്ത മാനുഷിക കല്പനയെയാണ് കർത്താവ് ഇവിടെ വിമർശിച്ചത്.

മനുഷ്യന് അശുദ്ധി വരുത്തുന്നതു വായ്ക്കകത്തു ചെല്ലുന്നതല്ല എന്നു തുടങ്ങുന്ന വാക്യം ഒരു ഉപമയാണ് എന്നതാണു രണ്ടാമത്തെ കാര്യം. ഈ ഭാഗം വായിച്ചിട്ടുള്ളവർ, പ്രത്യേകിച്ചു ഇതിനെ ദുർവ്യാഖ്യാനം ചെയ്തിട്ടുള്ളവർ ഇതൊരു ഉപമയാണ് എന്ന സത്യം മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയിക്കണം. ശിഷ്യന്മാർ ഇത് ഒരു ഉപമയായിട്ടാണു മനസ്സിലാക്കിയതെന്നു വി. മത്തായി 15:15, വി. മർക്കോസ് 7:17 എന്നീ വാക്യങ്ങൾ വെളിവാക്കുന്നു. ഉപമയാണെന്നു തിരിച്ചറിഞ്ഞ ശിഷ്യന്മാർക്കുപോലും അതിന്റെ അർത്ഥം മനസ്സിലായില്ല. അതുകൊണ്ടാണല്ലോ പത്രോസ് ആ ഉപമ ഞങ്ങൾക്കു തെളിയിച്ചു തരണം എന്ന് ആവശ്യപ്പെട്ടത്. ഇതു ഒരു ഉപമയാണെന്നുപോലും തിരിച്ചറിയാത്തവർ ഇതിന്റെ അർത്ഥം എങ്ങനെ ഗ്രഹിക്കും. അതുകൊണ്ടു തന്നെ കർത്താവ് ശിഷ്യന്മാർക്കുവേണ്ടി മാത്രമല്ല നമുക്കുവേണ്ടിയും കൂടെ അതിന്റെ അർത്ഥം വിശദമാക്കുന്നു. സംസാരത്തിനും പ്രവൃത്തിക്കുമെല്ലാം അടിസ്ഥാനം ഹൃദയമാണ്. ഹൃദയത്തിൽ നിന്നാണു അത് പുറപ്പെടുന്നത്. അതുകൊണ്ടു ഹൃദയം നന്നാവണമെന്നു പഠിപ്പിക്കുകയായിരുന്നു ഈ ഉപമയിലൂടെ കർത്താവ് ചെയ്തത്. വി. മത്തായി 15:18–ൽ ഇങ്ങനെ വായിക്കുന്നു: "വായിൽനിന്നു പുറപ്പടുന്നതോ ഹൃദയത്തിൽ നിന്നു വരുന്നു. അതു മനുഷ്യനെ അശുദ്ധമാക്കുന്നു. വി. മത്തായി 12:34–ൽ കർത്താവ് പറഞ്ഞിരിക്കുന്നതു കൂടെ ഇതിനോടു ചേർത്തു വായിക്കണം. "ഹൃദയം നിറഞ്ഞു കവിയുന്നതല്ലോ വായ് സംസാരിക്കുന്നത്.'' മനുഷ്യനെ അശുദ്ധമാക്കുന്ന പാപം പ്രവൃത്തികളിൽ മാത്രമല്ല, നോട്ടത്തിലും ചിന്തയിലും വിചാരത്തിലും സംസാരത്തിലുമെല്ലാം വ്യാപിച്ചു കിടക്കുന്നു എന്നു ന്യായപ്രമാണം വ്യാഖ്യാനിച്ചു പഠിപ്പിച്ചപ്പോൾ കർത്താവ് വ്യക്തമാക്കിയതു വി. മത്തായി 5:11–18 ൽ നമുക്കു കാണാം.

വായിക്കകത്തു ചെല്ലുന്നതൊന്നും മനുഷ്യനെ അശുദ്ധമാക്കുന്നില്ലായെന്നതിനാൽ എന്തും ഭക്ഷിക്കാം എന്നു പറയുന്നവർ വിവേചനം കൂടാതെ കിട്ടുന്നതെല്ലാം ഭക്ഷിക്കുമോ? ഭക്ഷിക്കുവാൻ പാടില്ലാത്തതു പലതും ഭക്ഷിക്കുന്നത് ജീവനു ആപത്തു വരുമെന്നു ഭയന്നിട്ടല്ലേ? പല രോഗങ്ങൾക്കും കാരണമായി തീരുന്ന ചില ഭക്ഷണങ്ങൾ വർജ്ജിക്കണമെന്നു ഡോക്ടർ നിർദ്ദേശിക്കുമ്പോൾ അകത്തു ചെല്ലുന്നതൊന്നും അശുദ്ധമാക്കുകയില്ലായെന്നു പറഞ്ഞു ആ നിർദ്ദേശങ്ങൾ അവഗണിക്കുമോ? ആരോഗ്യം നിലനിർത്താനും ജീവഹാനി ഒഴിവാക്കുവാനും നാം ചില വർജ്ജനങ്ങൾക്കു തയ്യാറാകുന്നു. എന്നാൽ അതിനേക്കാൾ വിലയേറിയ ആത്മാവിന്റെ വളർച്ചയ്ക്കും ബലത്തിനും വേണ്ടിയുള്ള ഈ വർജ്ജനങ്ങൾ നിരാകരിക്കുകയും ചെയ്യുന്നു.

ഭക്ഷണത്തിന്റെ വർജ്ജനം ആവശ്യമില്ലാത്തതാണെന്നു വാദിക്കുന്നവർ അതിനു തെളിവായി 1 തിമോ. 4:2–4 ചൂണ്ടിക്കാണിക്കുന്നു. അവിടെ നാം ഇങ്ങനെ കാണുന്നു: "അവർ സ്വന്ത മനസ്സാക്ഷിയിൽ ചൂടുവച്ചവരായി വിവാഹം വിലക്കുകയും സത്യത്തെ ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിക്കാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ വർജ്ജിക്കണമെന്നു കല്പിക്കുകയും ചെയ്യുന്നു. എന്നാൽ ദൈവത്തിന്റെ സൃഷ്ടി എല്ലാം നല്ലതു; സ്തോത്രത്തോടെ അനുഭവിക്കുമെങ്കിൽ ഒന്നും വർജ്ജിക്കേണ്ടതില്ല.'' യഥാർത്ഥത്തിൽ നോമ്പിലെ വർജ്ജനത്തെക്കുറിച്ചല്ല പൗലോസ് ശ്ലീഹാ ഇവിടെ പറയുന്നത്. വിവാഹം വിലക്കുന്നതിനെ എതിർക്കുന്ന പൗലോസ് ശ്ലീഹാ അവിവാഹിതനായിട്ടാണല്ലോ ജീവിച്ചത്. സ്തോത്രത്തോടെ അനുഭവിക്കുമെങ്കിൽ ഒന്നും വർജ്ജിക്കേണ്ടതില്ല എന്നതിനാണു അവർ പ്രാധാന്യം കല്പിക്കുന്നത്. ഇവിടെ ഒരു ചോദ്യം പ്രസക്തമാണ്. മദ്യപാനിയായ ഒരു മനുഷ്യൻ സ്തോത്രത്തോടെയാണു ഞാൻ മദ്യം കഴിക്കുന്നതു എന്നു പറഞ്ഞാൽ അതു സമ്മതിക്കുമോ? പരിശുദ്ധനായ പൗലോസ് ശ്ലീഹാ പോലും സമ്മതിക്കുക ഇല്ല. കാരണം മദ്യപാനി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്ന് അദ്ദേഹം വ്യക്തമായി പറഞ്ഞിട്ടുണ്ട്. മദ്യപാനി സ്തോത്രത്തോടെ മദ്യം ഉപയോഗിക്കുന്നതിനെ കുറിച്ചു പറഞ്ഞപ്പോൾ ഒരാൾ പ്രതികരിച്ചതു ഇങ്ങനെയാണ്. ദൈവം സൃഷ്ടിച്ചതു എല്ലാം നല്ലത് എന്നു പറഞ്ഞിട്ടാണല്ലോ അങ്ങനെ പറഞ്ഞിരിക്കുന്നത്. മദ്യം ദൈവം സൃഷ്ടിച്ചതല്ല, മനുഷ്യൻ ഉണ്ടാക്കിയതാണ്. ഇവിടെയും ഒരു ചോദ്യത്തിനു ഉത്തരം പറയേണ്ടതായി വരും. ദൈവം സൃഷ്ടിച്ചതെല്ലാം അതേപടി ആണോ നാം ഭക്ഷിക്കുന്നത്? അതിനു എന്തെല്ലാം മാറ്റം വരുത്തിയും കൂട്ടിക്കലർത്തിയുമാണു നാം ഭക്ഷണമാക്കി തീർക്കുന്നത്. എന്നാൽ റോമർ 14:21–ൽ "മാംസം തിന്നാതെയും വീഞ്ഞു കുടിക്കാതെയും ഇരിക്കുന്നതു നല്ലത്'' എന്നു പറഞ്ഞതു എന്തുകൊണ്ടാണു എന്നു കൂടി വിശദീകരിക്കണം.

"അങ്ങാടിയിൽ വില്ക്കുന്നതു എന്തെങ്കിലും മനസ്സാക്ഷി നിമിത്തം ഒന്നും അന്വേഷണം കഴിക്കാതെ തിന്നുവീൻ" എന്നു 1 കൊരി. 10:25–ൽ പറഞ്ഞിരിക്കുന്നതും നോമ്പിനു എതിരായി ചിലർ ചൂണ്ടിക്കാണിക്കുന്നു. വിഗ്രഹാർപ്പിതം തിന്നുന്നതിനെ കുറിച്ചാണു പ. പൗലോസ് ശ്ലീഹാ ഇവിടെ പറയുന്നത്; നോമ്പിനെക്കുറിച്ചല്ല. അന്നു കൊരിന്തിൽ മാംസവും മറ്റു ഭക്ഷണസാധനങ്ങളും വിഗ്രഹത്തിനു അർപ്പിച്ചതിനു ശേഷമാണു വില്ക്കുകയും മറ്റുള്ളവർക്കു നൽകുകയും ചെയ്തിരുന്നത്. അതു ഭക്ഷിക്കുന്നതിനെ കുറിച്ചാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. അതു ഭക്ഷിക്കുന്ന കാര്യത്തിൽ ഒരു നിബന്ധന പൗലോസ് ശ്ലീഹാ വച്ചിരിക്കുന്നു. ''മനസ്സാക്ഷി നിമിത്തം ഒന്നും അന്വേഷിക്കാതെ തിന്നുവീൻ.'' അവിടെ തന്നെ 27, 28, 29 എന്നീ വാക്യങ്ങൾ കൂടെ വായിക്കുമ്പോൾ അതു തിന്നുവാൻ കഴിയുമോ എന്നു ചിന്തിക്കുക. അവിടെ

നാം ഇങ്ങനെ കൂടെ വായിക്കുന്നു. “അവിശ്വാസികളിൽ ഒരുവൻ നിങ്ങളെ ക്ഷണിച്ചാൽ നിങ്ങൾക്കു പോകുവാൻ മനസ്സുണ്ടെങ്കിൽ, നിങ്ങളുടെ മുമ്പിൽ വിളമ്പുന്നതു എന്തായാലും ഒന്നും അന്വേഷിക്കാതെ തിന്നുവീൻ.” ഇന്നു നോമ്പില്ലാത്തവരുടെ സദ്യയ്ക്കു പോയിട്ടു നോമ്പിൽ മാംസവും മറ്റും ഭക്ഷിക്കുമ്പോൾ പലരും സമാധാനിക്കുന്നതു ഈ വാക്യത്തിലാണ്. എന്നാൽ ഉടനെ അതിനോടു ചേർന്നു പറയുന്നതു കൂടെ ശ്രദ്ധിക്കൂ. “എന്നാൽ ഒരുവൻ നിങ്ങളോടു വിഗ്രഹാർപ്പിതം എന്നു പറഞ്ഞാൽ അതു അറിയിച്ചവൻ നിമിത്തവും മനസ്സാക്ഷി നിമിത്തവും തിന്നരുത്.” ആദ്യം മനസ്സാക്ഷി നിമിത്തം തിന്നാമെന്നു പറഞ്ഞിട്ടു ഉടനെ തന്നെ മനസ്സാക്ഷി നിമിത്തം തന്നെ തിന്നരുതു എന്നു പറയുന്നു. അടുത്ത വാക്യത്തിൽ മനസ്സാക്ഷിക്കു നൽകുന്ന വിശദീകരണം മറ്റൊരു വലിയ സത്യം വെളിവാക്കുന്നു. “മനസ്സാക്ഷി എന്നു ഞാൻ പറയുന്നതു തന്റേതല്ല, മറ്റവന്റേതത്രേ. എന്റെ സ്വാതന്ത്ര്യം അന്യ മനസ്സാക്ഷിയാൽ വിധിക്കപ്പെടുന്നതു എന്തിനു?” മനസ്സാക്ഷി തന്റേതല്ല അന്യന്റേതാണു എന്നു പറയുമ്പോൾ തിന്നുവാൻ കഴിയുമോ എന്നു ചിന്തിക്കുക.

അപ്പോസ്തോലന്മാരുടെ കാലഘട്ടത്തിൽ ഉണ്ടായിരുന്ന ഒരു വിവാദ വിഷയമായിരുന്നു ഭക്ഷണം. എന്തു ഭക്ഷിക്കാം, എന്തു ഭക്ഷിക്കുവാൻ പാടില്ലായെന്നതായിരുന്നു പ്രശ്നം. യഹൂദക്രിസ്ത്യാനികളെ സംബന്ധിച്ചു അതു ഒരു വലിയ പ്രശ്നമായിരുന്നില്ല. കാരണം അവർ ന്യായപ്രമാണം അതേപടി അനുസരിക്കുന്നവർ ആയിരുന്നു (അപ്പോ. 21:20). ന്യായപ്രമാണത്തിൽ എന്തൊക്കെ ഭക്ഷിക്കാം, എന്തൊക്കെ ഭക്ഷിക്കരുത് എന്നു വ്യക്തമായി പറഞ്ഞിട്ടുണ്ട്. എന്നാൽ ന്യായപ്രമാണം ഇല്ലാത്ത പുറജാതി ക്രിസ്ത്യാനികൾക്കു ഭക്ഷണകാര്യങ്ങളിൽ അങ്ങനെ നിയന്ത്രണങ്ങൾ ഇല്ലായിരുന്നു. അതിനാൽ അവർ എല്ലാം ഭക്ഷിക്കുവാൻ തുടങ്ങി. അതോടൊപ്പം പരിച്ഛേദനയും ഒരു തർക്കവിഷയമായി. ആയതിനാൽ സഭയിലേക്കു ചേർന്ന പുറജാതികൾക്കു അതു സംബന്ധിച്ചു നിർദ്ദേശങ്ങൾ നൽകുവാൻ പൗലോസ് ശ്ലീഹാ നിർബ്ബന്ധിതനായി. റോമർ 14:2–22, 1 കൊരി. 8:7–13, 10:24–31, 1 തിമോ. 4:2–4 തുടങ്ങിയ ഭാഗങ്ങളിലെല്ലാം ഈ വിഷയമാണു കൈകാര്യം ചെയ്തിരിക്കുന്നത്. അതിനു നോമ്പുമായി ഒരു ബന്ധവുമില്ല. “എന്നാൽ ആഹാരം നമ്മെ ദൈവത്തോടു അടുപ്പിക്കുന്നില്ല. തിന്നാഞ്ഞാൽ നമുക്കു നഷ്ടമില്ല, തിന്നാൽ ആദായവുമില്ല” (1 കൊരി. 8:8) എന്നു ഭക്ഷണകാര്യത്തെക്കുറിച്ചു പറഞ്ഞ പൗലോസ് ശ്ലീഹാ അവസാനം തന്റെ തീരുമാനം പറയുന്നു. “ഞാൻ ഒരുനാളും മാംസം തിന്നുകയില്ല” (1 കൊരി. 8:13).

ഭക്ഷണകാര്യത്തെക്കുറിച്ചു കുറേക്കൂടെ ഗൗരവമായി ചിന്തിച്ചിരിക്കുന്നതു റോമർ 14:2–22 ൽ ആണ്. “ഒരുവൻ എല്ലാം തിന്നാം എന്നു വിശ്വസിക്കുന്നു. ബലഹീനനോ സസ്യാദികളെ തിന്നുന്നു. തിന്നുന്നവൻ തിന്നാത്തവനെ ധിക്കരിക്കരുത്. തിന്നാത്തവൻ തിന്നുന്നവനെ വിധിക്കരുത്” എന്നിങ്ങനെ പറഞ്ഞു തുടങ്ങിയിട്ടു, യാതൊന്നും സ്വയമേ മലിനമല്ലായെന്നും, മലിനമെന്നു എണ്ണുന്നവനു മാത്രം അതു മലിനമാകുന്നുവെന്നും, നിന്റെ ഭക്ഷണം നിമിത്തം സഹോദരനെ വിഷമിപ്പിച്ചാൽ നീ സ്നേഹപ്രകാരം നടക്കുന്നില്ലായെന്നും പറഞ്ഞു പ. പൗലോസ് ശ്ലീഹാ അവസാനിപ്പിക്കുന്നതു ശ്രദ്ധിക്കുക. റോമർ 14:20, 21. “ഭക്ഷണം നിമിത്തം ദൈവനിർമ്മാണത്തെ അഴിക്കരുത്. എല്ലാം ശുദ്ധം തന്നെ. എങ്കിലും ഇടർച്ച വരുത്തുമാറ് തിന്നുന്ന മനുഷ്യനു അതു ദോഷമത്രേ. മാംസം തിന്നാതെയും വീഞ്ഞു കുടിക്കാതെയും സഹോദരനു ഇടർച്ച വരുത്തുന്ന യാതൊന്നും ചെയ്യാതെയും ഇരിക്കുന്നതു നല്ലത്.” എല്ലാം തിന്നാം എന്നതിനെ സാധൂകരിക്കുകയാണെന്നു തോന്നുമെങ്കിലും തിന്നാതിരിക്കുന്നതു നല്ലത് എന്നു പറയുമ്പോൾ അതു വർജ്ജനത്തിന് അനുകൂലമായി തീരുന്നു. 23–ാം വാക്യത്തിൽ “എന്നാൽ സംശയിക്കുന്നവൻ തിന്നുന്നുവെങ്കിൽ അതു വിശ്വാസത്തിൽനിന്നു ഉൽഭവിക്കായ്ക കൊണ്ടു അവൻ കുറ്റക്കാരനായി തീരുന്നു” എന്നു കൂടി പറയുമ്പോൾ ഇതിനെല്ലാം അടിസ്ഥാനം വിശ്വാസം ആണെന്നു അദ്ദേഹം സ്ഥാപിക്കുന്നു. നോമ്പിലെ വർജ്ജനവും വിശ്വാസത്തിന്റെ തലത്തിലാണു കാണേണ്ടത്. എന്നാൽ ഇവിടെയെല്ലാം ഭക്ഷണം വെടിയുന്നതു മലിനമാണ് എന്ന ചിന്തയിലാണ്. പക്ഷേ നോമ്പിൽ ചില ഭക്ഷണങ്ങൾ വെടിയുന്നതു മലിനമായതുകൊണ്ടല്ലായെന്നതും ചിന്തനീയമായ ഒരു വസ്തുതയാണ്.

“ദൈവം ശുദ്ധീകരിച്ചതിനെ നീ മലിനമെന്നു വിചാരിക്കരുത്” എന്നു അപ്പോ. 10:15–ൽ ദൈവം ദർശനത്തിൽ പ. പത്രോസിനോടു പറഞ്ഞതും നോമ്പിനെ എതിർക്കാൻ ചൂണ്ടിക്കാണിക്കുന്നു. പത്രോസിന്റേയും യഹൂദ ക്രിസ്ത്യാനികളുടേയും ചിന്താഗതിയെ തിരുത്തുവാൻ ദൈവം തയ്യാറാക്കിയ ഒരു ദർശനം മാത്രമായിരുന്നു അത്. യഹൂദ വിശ്വാസമനുസരിച്ചു അശുദ്ധവും തിന്നുവാൻ പാടില്ലാത്തതുമായ പക്ഷിമൃഗാദികളും ഇഴജന്തുക്കളുമായിരുന്നു ആ പാത്രത്തിൽ ഉണ്ടായിരുന്നത്. യഹോവ അതു ഭക്ഷിക്കുവാൻ പറഞ്ഞപ്പോൾ അങ്ങനെയുള്ളതൊന്നും ഞാൻ ഇതുവരെ ഭക്ഷിച്ചിട്ടില്ലായെന്നാണു പത്രോസ് പറഞ്ഞത്. അപ്പോൾ യഹോവ അരുളിച്ചെയ്തതാണു പ്രസ്തുത വാക്യം. അതു തിന്നുവാൻ വേണ്ടിയായിരുന്നുവെങ്കിൽ, അങ്ങനെ മൂന്നു തവണ പറഞ്ഞിട്ടു തിരികെ എടുക്കുമായിരുന്നില്ല. പത്താം അദ്ധ്യായം ആരംഭം മുതൽ വായിക്കുമ്പോൾ, കൊർന്നല്യോസ് എന്ന പുറജാതിക്കാരനെ സഭയിലേക്കു ചേർക്കുന്നതിൽ വൈമുഖ്യം കാണിക്കരുതെന്നു പത്രോസിനെ ബോദ്ധ്യപ്പെടുത്തുകയായിരുന്നു ദർശനത്തിന്റെ ലക്ഷ്യം എന്നു മനസ്സിലാകും. ഇതൊന്നും നോമ്പിലെ വർജ്ജനത്തിനു എതിരായി ചൂണ്ടിക്കാണിക്കാവുന്ന തെളിവുകളല്ല എന്നതിൽ സംശയമില്ല.

വിശ്വാസികൾക്കു ചില വർജ്ജനങ്ങൾ അനുപേക്ഷണീയമാണ് എന്നതിന്റെ തെളിവാണ് അപ്പോ. 15:28–ൽ, യാക്കോബ് ശ്ലീഹായുടെ അദ്ധ്യക്ഷതയിൽ കൂടിയ യറുശലേം സുന്നഹദോസിന്റെ തീരുമാനം. വിഗ്രഹാർപ്പിതം, രക്തം, ശ്വാസംമുട്ടി ചത്തത്, പരസംഗം മുതലായവ വർജ്ജിക്കണമെന്നാണല്ലോ തീരുമാനിച്ചത്. എല്ലാം ഭക്ഷിക്കാം എന്നു വാദിക്കുന്നവർ ഇവിടെ ചിലതു ഭക്ഷിക്കരുത് എന്ന തീരുമാനത്തിനു എന്തു മറുപടി പറയും? ക്രിസ്ത്യാനികൾ മറ്റുള്ളവരെപ്പോലെ ആയിരിക്കരുത് എന്നും അവർക്കു വാക്കിലും പ്രവൃത്തിയിലും വിശ്വാസാചാരാനുഷ്ഠാനങ്ങളിലും ചില പ്രത്യേകതകൾ ഉണ്ടായിരിക്കണമെന്നും ഈ വാക്യം വെളിവാക്കുന്നു. പ. പൗലോസ് ശ്ലീഹാ വിവിധ സഭകൾക്കു എഴുതിയപ്പോൾ വിശ്വാസികളെ ‘വിശുദ്ധർ’ എന്നു സംബോധന ചെയ്തിരിക്കുന്നതു ഇവിടെ കൂടുതൽ പ്രസക്തമാകുന്നു. റോമർ 13, 1 കൊരി. 1:1, എഫേ. 1:1, ഫിലി. 1:1, കൊലോ. 1:1 എന്നീ ഭാഗങ്ങൾ ശ്രദ്ധിക്കുക. അവിടെ വിശുദ്ധർ എന്നു വിളിച്ചിരിക്കുന്നതു കളങ്കരഹിതർ എന്ന അർത്ഥത്തിലല്ല. അവരുടെ തെറ്റുകൾ തിരുത്തുകയായിരുന്നുവല്ലോ പല കത്തുകളുടേയും ഉദ്ദേശ്യം. വിശുദ്ധർ എന്നു മലയാളത്തിൽ ഉപയോഗിച്ചിരിക്കുന്നിടത്തു വി. വേദപുസ്തകത്തിന്റെ മൂലഭാഷയായ ഗ്രീക്കിൽ ‘വേർതിരിക്കപ്പെട്ടത്, കലർപ്പില്ലാത്തത് എന്നീ അർത്ഥങ്ങളുള്ള ‘ഹാഗിയോസ്’ എന്ന പദമാണു ഉപയോഗിച്ചിരിക്കുന്നത്. ലൗകികവും ആദ്ധ്യാത്മികവുമായ എല്ലാ കാര്യങ്ങളിലും വിശ്വാസികൾ വേറിട്ട ജീവിതം നയിക്കുന്നവരായിരിക്കണമെന്നാണു അതുകൊണ്ടു ഉദ്ദേശിക്കുന്നത്. അതിനു ചിലതെല്ലാം വർജ്ജിച്ചേ മതിയാകൂ. വർജ്ജനമില്ലാത്തവർ വിശുദ്ധർ അല്ല; വിശുദ്ധരല്ലാത്തവർ വിശ്വാസികളുമല്ല.

വി. നോമ്പിന്റേയും ഉപവാസത്തിന്റേയും വേദപുസ്തക അടിസ്ഥാനം പരിശോധിക്കാം. നോമ്പ് ചില വർജ്ജനങ്ങളോടു കൂടിയതാണെന്നും, അതു സാത്താനേയും അവന്റെ പ്രലോഭനങ്ങളേയും അതിജീവിക്കുവാൻ ഉള്ളതാണെന്നും നാം മനസ്സിലാക്കിക്കഴിഞ്ഞ വസ്തുത ആണ്. ആ വിധത്തിൽ നോക്കുമ്പോൾ നോമ്പിന്റെ പ്രാഗ്രൂപം ഏദൻ പറുദീസയിൽ ദർശിക്കുവാൻ കഴിയും. യഹോവയായ ദൈവം ആദ്യമനുഷ്യരായ ആദമിനേയും ഹവ്വയേയും സൃഷ്ടിച്ചു ഏദനിലാക്കിയപ്പോൾ അവർക്കു ഒരു വർജ്ജനം ഏർപ്പെടുത്തിയതായി ഉല്പത്തി 2:17–ൽ രേഖപ്പെടുത്തിയിരിക്കുന്നു. “എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിന്റെ ഫലം തിന്നരുതു, തിന്നുന്ന നാളിൽ നീ മരിക്കും.” ഈ വിലക്കിലൂടെ ദൈവം ആഗ്രഹിച്ചത് സാത്താനെ പരാജയപ്പെടുത്തി ആത്മബലമുള്ള മനുഷ്യനെയാണ്. എന്നാൽ അവൻ പിശാചിന്റെ പ്രലോഭനത്തിൽ കാലിടറി വീണുപോയി. ദൈവം മനുഷ്യനു ഏർപ്പെടുത്തിയ നോമ്പു ലംഘിച്ചതിലൂടെ പാപവും മരണവും കടന്നു വന്നു. ഭക്ഷണത്തിലൂടെ പാപത്തിൽനിന്നും തൽഫലമായി വന്നുചേർന്ന മരണത്തിൽനിന്നും ഉള്ള വിമോചനം സത്യവിശ്വാസികൾ നേടുന്നതു, നിത്യ ജീവൻ പ്രദാനം ചെയ്യുന്ന കർത്താവിന്റെ തിരുശരീര രക്തങ്ങളാകുന്ന ഭക്ഷണത്തിലൂടെയാണല്ലോ. വി. നോമ്പും അതിലുള്ള വർജ്ജനങ്ങളും സാത്താനേയും അവന്റെ പ്രലോഭനങ്ങളേയും അതിജീവിക്കുവാൻ ഉള്ള ആയുധമാണെന്നു ആദ്യ പുസ്തകം തന്നെ നമ്മെ പഠിപ്പിക്കുന്നു. മാത്രമല്ല സാത്താനു മനുഷ്യനെ വീഴിക്കുവാൻ കഴിയുന്നതു ഭക്ഷണകാര്യത്തിലൂടെയാണെന്നും ഇവിടെ വ്യക്തമാകുന്നു. അതുകൊണ്ടു തന്നെയാണ് ഭക്ഷണം വർജ്ജിക്കുന്ന നോമ്പ് വിശ്വാസികളുടെ ആത്മീയചര്യയായി ഒരുക്കിയിരിക്കുന്നത്.

പഴയനിയമത്തിലും പുതിയനിയമത്തിലും നോമ്പിന്റെ ആവശ്യകത നമ്മെ ബോദ്ധ്യപ്പെടുത്തുന്ന അനേകം തെളിവുകൾ കാണാൻ കഴിയുന്നുണ്ട്. മോശയും ഏലിയാവും നമ്മുടെ കർത്താവും നോമ്പു നോറ്റു നമുക്കു മാതൃക കാട്ടിത്തന്നിരിക്കുന്നുവെന്നതാണു അതിൽ ഏറ്റം പ്രധാനപ്പെട്ടത്. മോശയുടെ നോമ്പിനെ കുറിച്ചു പുറപ്പാട് 24:18, 34:28 എന്നീ വാക്യങ്ങളിലും, ഏലിയാവിന്റെ നോമ്പ് 1 രാജാ. 19:18-ലും, നമ്മുടെ കർത്താവിന്റെ നോമ്പ് വി. മത്തായി 4:2, വി. മർക്കോസ് 1:13, വി. ലൂക്കോസ് 4:1 എന്നീ ഭാഗങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. മോശെ നാല്പതു ദിവസം നോമ്പു നോറ്റതു യഹോവയുടെ കരങ്ങളിൽ നിന്നു നിയമത്തിന്റെ കല്പലകകൾ സ്വീകരിക്കുന്നതിനായിരുന്നു. ദൈവത്തോടു അടുക്കുന്നതിനു നോമ്പു അനുപേക്ഷണീയമാണെന്നു ഈ സംഭവം വ്യക്തമാക്കുന്നു. യിസ്രായേൽ ജനത്തിനു ന്യായപ്രമാണം ലഭിച്ചതു കൂടാതെ മോശെയ്ക്കു ലഭിച്ചതു എന്തായിരുന്നുവെന്നു പുറപ്പാട് 34:29-ൽ രേഖപ്പെടുത്തിയിരിക്കുന്നു. "അവൻ തന്നോടു അരുളിച്ചെയ്തതു നിമിത്തം തന്റെ മുഖത്തിന്റെ ത്വക്കു പ്രകാശിച്ചിരുന്നുവെന്നു മോശെ സാക്ഷ്യത്തിന്റെ പലക രണ്ടും പിടിച്ചുകൊണ്ടു സീനായി പർവ്വതത്തിൽ നിന്നു ഇറങ്ങുമ്പോൾ അറിഞ്ഞിരുന്നില്ല." നോമ്പ് ദൈവത്തോടു അടുത്തുചെല്ലുന്ന നിമിഷങ്ങളാണെന്നും അതുമൂലം ദൈവത്തിന്റെ ശോഭ നമ്മിലേക്കു പകരുന്നുവെന്നും, ദൈവസാന്നിദ്ധ്യം അനുഭവിക്കുന്നുവെന്നും ഈ സംഭവം വെളിവാക്കുന്നു. ഭക്ഷണം വെടിയുന്നതു മൂലം ലഭിക്കുന്ന ഒന്നാണു മുഖശോഭയെന്നു ദാനിയേലിന്റെ പുസ്തകവും നമ്മെ പഠിപ്പിക്കുന്നു. രാജാവിന്റെ ഭോജനംകൊണ്ടും അവൻ കുടിക്കുന്ന വീഞ്ഞുകൊണ്ടും തന്നെത്താൻ അശുദ്ധമാക്കുകയില്ലായെന്നു പറഞ്ഞു ദാനിയേലും ശദ്രക്, മേശക്ക്, അബേദനഗോ എന്നീ ബാലന്മാരും പത്തു ദിവസം ശകപദാർത്ഥങ്ങളും വെള്ളവും മാത്രം ഭക്ഷിച്ചു നോമ്പു നോറ്റപ്പോൾ മറ്റുള്ളവരേക്കാൾ അഴകുള്ളവരും മാംസപുഷ്ടിയുള്ളവരുമായി കണ്ടുവെന്നു അവിടെ നാം വായിക്കുന്നു. ഏലിയാവ് നാല്പതു ദിവസം നോമ്പു നോറ്റതിനാൽ, ആരെ ഭയന്നു ചൂരച്ചെടിയുടെ തണലിൽ മരണം ആഗ്രഹിച്ചു കിടന്നുവോ ആ ഇസബേലിന്റേയും ആഹാബിന്റേയും മുമ്പിൽ ധൈര്യത്തോടെ കടന്നുചെന്നു യഹോവയുടെ അരുളപ്പാടു അറിയിക്കുവാനുള്ള ആത്മബലവും ആർജ്ജവവും ആണു പ്രാപിച്ചതെന്നു നമുക്കു മനസ്സിലാക്കുവാൻ കഴിയുന്നു. നോമ്പ് ആത്മബലം നേടുവാനുള്ള മാർഗ്ഗമാണ് എന്നു ഏലിയാവിന്റെ നോമ്പ് നമ്മെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ കർത്താവ് നാല്പതു ദിവസം നോമ്പു നോറ്റതിനാൽ സാത്താനെ പരാജയപ്പെടുത്തുകയാണു ചെയ്തത്. സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിച്ചപ്പോൾ സാത്താൻ കർത്താവിനെ വിട്ടുപോകുകയും ദൂതന്മാർ അടുത്തു വന്നു അവനെ ശുശ്രൂഷിച്ചുവെന്നു വി. മത്തായി 4:11-ൽ രേഖപ്പെടുത്തിയിരിക്കുന്നു. നോമ്പു സാത്താന്റെ പ്രലോഭനങ്ങളെ അതിജീവിക്കുവാനും, അവനെ പരാജയപ്പെടുത്തുവാനും ദൂതന്മാരുടെ ശുശ്രൂഷ ലഭിക്കുവാനും ദൈവനിയോഗം എന്താണെന്നു തിരിച്ചറിഞ്ഞു അതു നിറവേറ്റുവാനുള്ള ശക്തി ലഭിക്കുവാനും ഉള്ളതാണെന്നു കർത്താവിന്റെ നോമ്പും നമ്മെ പഠിപ്പിക്കുന്നു. ഒരു വിശ്വാസി സത്യവിശ്വാസിയായി തീരുന്നത് ഈ ആത്മീയാനുഭവങ്ങൾ നേടുമ്പോഴാണെന്നു ഈ ഭാഗങ്ങൾ വ്യക്തമാക്കുന്നു.

ആനുഷംഗികമായി ഒരു കാര്യം. ഇവിടെ അതു പ്രസക്തമാകുമെന്നു കരുതുന്നു. വി. വേദപുസ്തകത്തിൽ നാം കണ്ട പ്രധാനപ്പെട്ട മൂന്നു നോമ്പുകളും (മോശെയുടേയും ഏലിയാവിന്റേയും കർത്താവിന്റേയും) നാല്പതു ദിവസ നോമ്പുകളായിരുന്നു. സഭ നിഷ്കർഷിക്കുന്ന വലിയ നോമ്പും നാല്പതു ദിവസത്തെ നോമ്പാണ്. ഈ നോമ്പുകളെല്ലാം നാല്പതു ദിവസമായി നിശ്ചയിക്കുവാൻ കാരണമെന്താണെന്ന അന്വേഷണം ഉചിതമായിരിക്കും. വേദപണ്ഡിതന്മാരുടെ അഭിപ്രായം ശ്രദ്ധിക്കുക. വി. വേദപുസ്തകത്തിലെ സംഖ്യകളെക്കുറിച്ചു പഠിച്ച പണ്ഡിതന്മാർ നാല്പതിനു പ്രത്യേക അർത്ഥം കല്പിച്ചിരിക്കുന്നു. 5 x 8 = 40 എന്ന കണക്കാണു അതിനു അവർ ഉപയോഗിച്ചിരിക്കുന്നത്. അഞ്ച് എന്ന സംഖ്യ കൃപയെ (grace) കുറിക്കുന്നു. പിതാവ്, പുത്രൻ, പരിശുദ്ധറൂഹാ, സൃഷ്ടി, വീണ്ടെടുപ്പ് (Father, Son, Holy spirit, Creation, Redemption) എന്നീ രഹസ്യങ്ങളെയാണ് അതു വെളിപ്പെടുത്തുന്നത്. എട്ട് എന്ന സംഖ്യയാകട്ടെ പുതുസൃഷ്ടിയെയാണു സൂചിപ്പിക്കുന്നത്. ഏഴു കഴിഞ്ഞു വരുന്ന സംഖ്യയാണല്ലോ എട്ട്. ഏഴു പൂർണ്ണതയുടേയും വിശ്രമത്തിന്റേയും ദിവസമാണല്ലോ. യഹോവ സൃഷ്ടി പൂർത്തീകരിച്ചു വിശ്രമിച്ച ദിവസമാണല്ലോ എട്ടാം ദിവസം. അതിനാൽ പൂർത്തീകരണത്തിനു ശേഷം വരുന്ന ദിനത്തെ പുതുസൃഷ്ടിയുടെ ദാനമായി കണക്കാക്കുന്നു. ഇവ രണ്ടും; അഞ്ചും (കൃപയും) എട്ടും (പുതുസൃഷ്ടിയും) സമ്മേളിക്കുമ്പോൾ നാല്പതു ഉണ്ടാകുന്നു. ബൈബിൾ നമ്പേഴ്സ് (Bible Numbers) എന്ന ഗ്രന്ഥത്തിൽ നാല്പതിനെ കുറിച്ചു പറഞ്ഞിരിക്കുന്നതു ഉദ്ധരിക്കുന്നു. "The number 40 is the product of 5 and 8, and points to this action of grace (5) leading to and ending in revival and renuel (8). This is certainly the case where forty relates to a period of evident probation." ഇതു നോമ്പിനോടു ചേർത്തു ചിന്തിക്കുമ്പോൾ ലഭിക്കുന്ന അർത്ഥതലങ്ങൾ ശ്രദ്ധാർഹങ്ങളാണ്. നാല്പതു നോമ്പു പുതുസൃഷ്ടിയിലേക്കും രൂപാന്തരത്തിലേക്കും നയിക്കുവാൻ വേണ്ടിയുള്ളതാണ്. യിസ്രായേലിന്റെ വിമോചനം സാദ്ധ്യമായതു നാല്പതു സംവത്സരത്തെ മരുഭൂപ്രയാണത്തിലൂടെയാണല്ലോ. വി. നോമ്പും സാത്താന്റെ അടിമത്തത്തിൽ നിന്നുള്ള വിമോചനത്തിനാണല്ലോ. വി. വേദപുസ്തകത്തിൽ നാല്പതു എന്ന സംഖ്യ 146 തവണ ഉപയോഗിച്ചിട്ടുണ്ട്. ഈ സത്യം ആത്മനിറവിൽ തിരിച്ചറിഞ്ഞ പരിശുദ്ധ പിതാക്കന്മാർ നമ്മുടെ കർത്താവിന്റെ കഷ്ടാനുഭവവും, കുരിശുമരണവും, പുനരുത്ഥാനവും മൂലം നമുക്കു നേടിത്തന്ന വീണ്ടെടുപ്പ് അനുഭവവേദ്യമാക്കി തീർക്കുവാനായിട്ടാണു നാല്പതു ദിവസത്തെ നോമ്പ് ക്രമപ്പെടുത്തിയിരിക്കുന്നത്.

പഴയനിയമത്തിൽ നോമ്പിനെക്കുറിച്ചു അനേകം പരാമർശങ്ങളുണ്ട്. ആ വേദഭാഗങ്ങളെക്കുറിച്ചു വിശദമായി പറയുവാൻ സ്ഥലപരിമിതി അനുവദിക്കാത്തതിനാൽ, പഠനത്തിനായി കുറെ വേദഭാഗങ്ങളുടെ സൂചന മാത്രം നൽകുന്നു. 2 ശമു. 1:12, 3:35, 12:15, 16, എസ്രാ 10:6, 8:21-26, 1 രാജാ. 21:27, നെഹ. 1:4, 9:1, എസ്ഥേർ 4:16, യെശ. 58, യെര. 36:10, 14:12, യോവേൽ 1:14, 2:12, 13, ദാനി. 1:8, 10:2, 3, 9:3, സഖറിയ 7:5-8, യെഹ. 8:23, സങ്കീ. 35:13, 69:10, 109:24. യെശയ്യാവ്, യെരമ്യാവ്, യഹസ്കേൽ തുടങ്ങിയവരുടെ വാക്കുകൾ നോമ്പിനു എതിരാണ് എന്ന തോന്നൽ ഉളവാക്കും. എന്നാൽ ശരിയായ നോമ്പ് എങ്ങനെയുള്ളതാണെന്നു പഠിപ്പിക്കുകയായിരുന്നു ആ വിമർശനങ്ങളുടെ ഉദ്ദേശ്യം. നോമ്പിന്റെ ശരിയായ ഉദ്ദേശ്യത്തിൽനിന്നു അവർ മാറിപ്പോയിരുന്നു. അതിനാൽ ഇന്ന് അവരുടെ വാക്കുകൾ കുറേക്കൂടെ പ്രസക്തമാകുന്നു.

പുതിയനിയമത്തിലേക്കു കടന്നുചെല്ലുമ്പോൾ നോമ്പിന്റേയും ഉപവാസത്തിന്റേയും പ്രാധാന്യവും ആവശ്യകതയും വ്യക്തമാക്കുന്ന സന്ദർഭങ്ങളും വാക്യങ്ങളും നമുക്കു കണ്ടെത്താൻ കഴിയും. ആദ്യം നമ്മുടെ ശ്രദ്ധയിലേക്കു കടന്നു വരുന്നതു നമ്മുടെ കർത്താവിന്റെ ഉപവാസമാണ്. ധ്യാനചിന്തകളിൽ ഇതിനെക്കുറിച്ചു ഗൗരവമായി ചിന്തിക്കുന്നതിനാൽ ആവിധ പഠനം ഇവിടെ ആവശ്യമില്ല. എങ്കിലും ചില കാര്യങ്ങൾ മാത്രം പറയുന്നു. സാത്താനെ പരാജയപ്പെടുത്തുവാൻ ദൈവപുത്രനായ യേശുവിനു ഇങ്ങനെ ഒരു ഉപവാസത്തിന്റെ ആവശ്യമുണ്ടായിരുന്നോ? അവൻ പൂർണ്ണ മനുഷ്യനും , പൂർണ്ണ ദൈവവുമായിരുന്നുവല്ലോ. കർത്താവ് മനുഷ്യനായി അവതരിച്ചതു തനിക്കു വേണ്ടിയായിരുന്നില്ല, നമുക്കു വേണ്ടിയായിരുന്നു. ആ വിധത്തിൽ കർത്താവിന്റെ ജീവിതം മുഴുവനും നമുക്കു മാതൃകയായി അവൻ കാട്ടിത്തരികയായിരുന്നു. ഉപവാസത്തിലൂടെയും സാത്താനെ പരാജയപ്പെടുത്തേണ്ടതു എങ്ങനെയാണു എന്നു നമുക്കു കാട്ടിത്തരികയായിരുന്നു. വിശന്നപ്പോൾ സാത്താൻ അടുത്തു വന്നുവെന്നാണു അവിടെ നാം വായിക്കുന്നത്. പിശാചു തന്റെ മുമ്പിൽ വച്ച മൂന്നു പ്രലോഭനങ്ങളേയും -ജഡമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം, കർത്താവു അതിജീവിച്ചതിലൂടെ നാമും സാത്താനെ എങ്ങനെയാണു പരാജയപ്പെടുത്തേണ്ടത് എന്നു കാട്ടിത്തരികയായിരുന്നു. ഭക്ഷണം വെടിയുന്നതിലൂടെ സാത്താൻ നമ്മെ പരീക്ഷിക്കുവാനുള്ള അവസരം ഒരുക്കികൊടുക്കുകയാണെന്നു കർത്താവിന്റെ ഉപവാസം വ്യക്തമാക്കുന്നു. കർത്താവ് ഒരു പ്രാവശ്യമല്ലേ ഉപവസിച്ചുള്ളു, പിന്നെ നാം എന്തിനു നിരന്തരം നോമ്പു നോക്കുന്നു എന്നു ചോദിക്കാവുന്നതാണ്. നാം മനുഷ്യരാണു എന്നതാണു ഒരു ഉത്തരം. ലൂക്കോസ് 4:13-ൽ മറ്റൊരു ഉത്തരം ദർശിക്കുവാൻ കഴിയുന്നു. "അങ്ങനെ പിശാച് സകല പരീക്ഷകളും തികച്ചശേഷം കുറേക്കാലത്തേക്കു അവനെ വിട്ടുമാറി" എന്നാണു അവിടെ കാണുന്നത്. കുറേക്കാലത്തേക്കു എന്നു പറഞ്ഞിരിക്കുന്നതിനാൽ സാത്താൻ പിന്നേയും കർത്താവിനെ പരീക്ഷിച്ചു എന്നു സൂചിപ്പിക്കുന്നു. കൈസറിയ ഫിലിപ്പിയയിൽ വച്ചു കർത്താവ് ശീമോനോടു "സാത്താനെ എന്നെ വിട്ടു പോ" എന്നു പറഞ്ഞ സന്ദർഭം സാത്താന്റെ മറ്റൊരു പരീക്ഷ തന്നെയായിരുന്നു. ശീമോനിൽ കൂടെ സാത്താൻ തന്നെ പരീക്ഷിക്കുകയാണ് എന്നു കർത്താവ് തിരിച്ചറിഞ്ഞതുകൊണ്ടു തന്നെയാണ് ശീമോനെ സാത്താൻ എന്നു വിളിച്ചത്. ദൈവപുത്രനായ

കർത്താവിനെ വീണ്ടും പരീക്ഷിക്കുവാൻ ശ്രമിച്ച സാത്താൻ ബലഹീനനായ മനുഷ്യനെ വെറുതെ വിടുമോ! അവൻ നമ്മുടെ ആയുഷ്ക്കാലം മുഴുവൻ പരീക്ഷിച്ചുകൊണ്ടിരിക്കുമെന്നതിനാലാണ് നോമ്പ് നിരന്തരം അനുഷ്ഠിക്കേണ്ട ആത്മീയചര്യയായി സഭ നിശ്ചയിച്ചിരിക്കുന്നത്.

വി. മത്തായി 6:16 മുതലുള്ള വാക്യങ്ങളാണ് ഉപവാസത്തെ കുറിച്ചു പറഞ്ഞിരിക്കുന്ന മറ്റൊരു സന്ദർഭം. അന്നത്തെ ഉപവാസരീതിയെ വിമർശിച്ചതല്ലാതെ ഉപവസിക്കേണ്ട എന്നു കർത്താവ് പറഞ്ഞില്ല. ഉപവാസത്തിൽ പ്രകടമാകുന്ന കപടഭക്തിയെയാണ് കർത്താവ് ചൂണ്ടിക്കാണിച്ചത്. "നീയോ ഉപവസിക്കുമ്പോൾ നിന്റെ ഉപവാസം മനുഷ്യർക്കല്ല, രഹസ്യത്തിലുള്ള നിന്റെ പിതാവിനു വിളങ്ങേണ്ടതിനു തലയിൽ എണ്ണ തേച്ചു മുഖം കഴുകുക,' എന്ന കർത്താവിന്റെ വാക്കുകൾക്കു വില കല്പിക്കാതെ നോട്ടീസു അടിച്ചു പ്രസിദ്ധപ്പെടുത്തി ഇന്ന് ഉപവസിക്കുന്നവരേയും കർത്താവ് ഉദ്ദേശിച്ചിരുന്നു എന്നു നാം അറിയണം. കർത്താവും ഉപവസിച്ചത് ആരും കാണാതെ മരുഭൂമിയിൽ പോയിട്ടായിരുന്നുവല്ലോ.

വി. മത്തായി 9:14, 15, വി. മർക്കോസ് 2:18–20, വി. ലൂക്കോസ് 5:33–35 എന്നീ ഭാഗങ്ങളാണ് ഉപവാസത്തെ പരാമർശിക്കുന്ന മറ്റൊരു സന്ദർഭം. യോഹന്നാന്റെ ശിഷ്യന്മാർ കർത്താവിന്റെ അടുക്കൽ വന്നു നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതു എന്തുകൊണ്ട് എന്നു ചോദിച്ചതിനു കർത്താവ് നൽകിയ മറുപടിയാണ് അവിടെ വായിക്കുന്നത്. ഇവിടെ രണ്ടു കാര്യങ്ങളാണു കാണാൻ കഴിയുന്നത്. അന്ന് ഉപവാസം എന്നതു പ്രധാനപ്പെട്ട ഒരു ആത്മീയചര്യയായിരുന്നു എന്നതാണു ഒന്ന്. ഉപവസിക്കാത്തവരെ ആത്മീയരായി അന്നു കണക്കാക്കിയിരുന്നില്ല എന്നതുകൊണ്ടാണ് അവർ ഇങ്ങനെ ഒരു ചോദ്യം ചോദിച്ചത്. ഉപവസിക്കരുത് അഥവാ ഉപവാസത്തിന്റെ ആവശ്യമില്ലായെന്നല്ല കർത്താവ് പറഞ്ഞത് എന്നതാണു രണ്ടാമത്തെ കാര്യം. കർത്താവ് നൽകിയ മറുപടി ശ്രദ്ധിക്കൂ. വി. മർക്കോസ് 2:19, 20. "മണവാളൻ കൂടെയുള്ളപ്പോൾ തോഴ്മക്കാർക്കു ഉപവസിക്കുവാൻ കഴിയുമോ? മണവാളൻ കൂടെയിരിക്കും കാലത്തോളം അവർക്കു ഉപവസിക്കാൻ കഴികയില്ല. എന്നാൽ മണവാളൻ അവരെ വിട്ടുപിരിയേണ്ട കാലം വരും. അന്ന് ആ കാലത്ത് ആവർ ഉപവസിക്കും." ഉപവസിക്കും, ഉപവസിച്ചേ മതിയാകൂ എന്നാണു കർത്താവ് പറഞ്ഞതിന്റെ അർത്ഥം. ഉപവാസം 'കൂടെ വസിക്കൽ' ആണല്ലോ. കർത്താവ് പറഞ്ഞതു ശിഷ്യന്മാർ പിന്നീട് അനുസരിക്കുകയും ചെയ്തു. ഈ ഉപവാസം ഇന്നും തുടരുന്നു. മണവാളൻ ഇനിയും വരുന്നതുവരെ അതു തുടരും, തുടരണം.

കർത്താവിന്റെ ജനനാനന്തരം ശുദ്ധീകരണകാലം തികഞ്ഞപ്പോൾ യൗസേപ്പും മറിയാമും യേശുക്കുഞ്ഞുമായി ശുദ്ധീകരണ വഴിപാടു അർപ്പിക്കുവാനായി യറുശലേം ദൈവാലയത്തിൽ എത്തിയപ്പോൾ വൃദ്ധരായ ശീമോനും ഹന്നായും യേശുവിനെ കണ്ടു വണങ്ങുന്നു. അവിടെ ഹന്നായെന്ന പ്രവാചകിയെ കുറിച്ചു പറഞ്ഞിരിക്കുന്നതു ഉപവാസം എന്ന ആത്മീയചര്യയുടെ ഫലം വ്യക്തമാക്കുന്നുണ്ട്. വി. ലൂക്കോസ് 2:37 "ദേവാലയം വിട്ടുപിരിയാതെ ഉപവാസത്തോടും പ്രാർത്ഥനയോടും കൂടെ രാവും പകലും ആരാധന ചെയ്തുപോന്നു" എന്നാണ് ഹന്നായെക്കുറിച്ചു പറഞ്ഞിരിക്കുന്നത്. ഏതാണ്ട് 104 വയസ്സിനു മുകളിൽ പ്രായമുണ്ടായിരുന്ന ഹന്നായുടെ ആത്മബലത്തിനു കാരണം ഉപവാസവും പ്രാർത്ഥനയും ആയിരുന്നു എന്നു ഇതിൽനിന്നും നമുക്കു വായിച്ചെടുക്കാൻ കഴിയുന്നു.

അപ്പോസ്തോലന്മാരുടെ കാലത്തും നോമ്പും ഉപവാസവും ആത്മീയചര്യയായിരുന്നുവെന്നു അപ്പോസ്തോല പ്രവൃത്തികളിലെ പല ഭാഗങ്ങളും വ്യക്തമാക്കുന്നുണ്ട്. അപ്പോ. 13:2, 3 വാക്യങ്ങളിൽ അവർ കർത്താവിനെ ആരാധിച്ചും ഉപവസിച്ചുംകൊണ്ടിരിക്കുമ്പോൾ, ഞാൻ ബർന്നബാസിനേയും ശൗലിനേയും വിളിച്ചിരിക്കുന്ന വേലയ്ക്കായിട്ടു അവരെ എനിക്കു വേർതിരിപ്പീൻ എന്നു പരിശുദ്ധാത്മാവ് പറഞ്ഞു. അങ്ങനെ അവർ ഉപവസിച്ചു പ്രാർത്ഥിച്ചു. അവരുടെ മേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു. രണ്ടു കാര്യങ്ങൾ ഇവിടെയും വെളിപ്പെടുന്നുണ്ട്. ഉപവാസം, ആരാധനപോലെ അന്ന് ഒരു സാധാരണ ആത്മീയചര്യയായിരുന്നുവെന്നു ആദ്യ ഭാഗം വെളിവാക്കുന്നു. അതുപോലെ ചില പ്രത്യേക കാര്യങ്ങൾ ചെയ്യുന്നതിനു മുമ്പു ഉപവസിച്ചിരുന്നു എന്നതാണു രണ്ടാമത്തെ കാര്യം.

"ഇങ്ങനെ വളരെനാൾ ചെന്ന ശേഷം നോമ്പും കഴിഞ്ഞിരിക്കെ..." (അപ്പോ. 27:9) എന്നു രേഖപ്പെടുത്തിയിരിക്കുന്നതു മറ്റൊരു സത്യം വെളിപ്പെടുത്തുന്നു. ചില പ്രത്യേക കാലങ്ങൾ നോമ്പിനായി വേർതിരിച്ചിരുന്നു എന്നാണല്ലോ ഇതിൽനിന്നു വെളിവാകുന്നത്. യഹൂദന്മാർ ആചരിച്ചിരുന്ന നോമ്പിനെക്കുറിച്ചാണ് അവിടെ പറഞ്ഞിരിക്കുന്നതു എന്നാണ് ചില വേദ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത്. അതുതന്നെയാണോ, അതോ വേറേ നോമ്പാണോ എന്നു വ്യക്തമായി പറയുവാൻ കഴിയുകയില്ലെങ്കിലും അപ്പോസ്തോലന്മാരും അനുയായികളും ചില പ്രത്യേക കാലങ്ങൾ നോമ്പു ദിനങ്ങളായി ആചരിച്ചിരുന്നു എന്നതിനു ഇതു മതിയായ തെളിവാണ്.

അപ്പോസ്തോലന്മാരും ആദിമ ക്രിസ്ത്യാനികളും കാലാന്തരത്തിൽ സഭ ആകമാനവും നോമ്പും ഉപവാസവും അനിവാര്യമായ ആത്മീയചര്യയായി ആചരിച്ചിരുന്നുവെന്ന് സഭാചരിത്രവും വ്യക്തമാക്കുന്നു. നിഖ്യാ സുന്നഹദോസിനു മുമ്പ് 40 ദിവസത്തെ നോമ്പ് ആചരിച്ചിരുന്നുവെന്നും വി. അത്താനാസ്യോസിന്റെ കാലത്തും ഈ നോമ്പു ഉണ്ടായിരുന്നുവെന്നും തെർത്തുല്യൻ പറഞ്ഞിട്ടുണ്ട്. രണ്ടാം നൂറ്റാണ്ടിൽ ബുധനും വെള്ളിയും നോമ്പുദിനങ്ങളായി വേർതിരിച്ചിരുന്നുവെന്നും ഉയിർപ്പു പെരുനാളിനു മുമ്പു 40 ദിവസത്തെ നോമ്പ് അനുഷ്ഠിച്ചിരുന്നുവെന്നും, അത് അനുസരിക്കാത്തവർ ഉയിർപ്പു പെരുന്നാളിൽ സംബന്ധിപ്പാൻ അയോഗ്യരാണെന്നും വി. അത്താനാസ്യോസ് രേഖപ്പെടുത്തിയിരിക്കുന്നു. കാലാന്തരത്തിൽ സഭയുടെ വളർച്ചയിൽ പരിശുദ്ധാത്മാവിന്റെ വഴിനടത്തിപ്പിലൂടെ നമ്മുടെ കർത്താവിന്റെ ജനനവും വി. ദൈവമാതാവിന്റെ വാങ്ങിപ്പു പെരുന്നാളും നോമ്പോടു കൂടി ആചരിച്ചു തുടങ്ങുകയും ചെയ്തു.

നോമ്പില്ലാതെ ഉപവാസമില്ല, ഉപവാസമില്ലാതെ നോമ്പുമില്ല. അവ പരസ്പര പൂരകങ്ങളാണ് എന്നു മനസ്സിലാക്കാതെ, നോമ്പിനേക്കാൾ ഉപവാസത്തിനു അമിത പ്രാധാന്യം കല്പിച്ചു തുടങ്ങിയിരിക്കുന്നു. അതാകട്ടെ ഏകദിന ഉപവാസമായി ചുരുങ്ങിയിരിക്കുന്നു. മാത്രമല്ല, ഉപവാസം അവസാനിക്കുന്നതാകട്ടെ, മൃഷ്ടാന്ന ഭക്ഷണത്തോടു കൂടിയുമാണ്. കൂടെ വസിക്കുകയാണ് ഉപവാസമെന്നു പറയുമെങ്കിലും, ലൗകിക ജീവിതാവശ്യങ്ങൾ നേടിയെടുക്കുവാനുള്ള ഒരു മാർഗ്ഗമായി നാം അതിനെ തരംതാഴ്ത്തിയിരിക്കുന്നു. അങ്ങനെ ആധുനിക വിശ്വാസിക്കു ദൈവകരങ്ങളിൽ നിന്നു അനുഗ്രഹങ്ങൾ പിടിച്ചു വാങ്ങുവാനുള്ള സമരമാർഗ്ഗമായി മാറിയിരിക്കുന്നു. ഇതു കണ്ടു രാഷ്ട്രീയക്കാരും ഉപവാസത്തെ ശക്തമായ ഒരു സമരമുറയായി സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു. സാത്താനെ പരാജയപ്പെടുത്തി ആത്മബലം നേടി, ജയമുള്ള ക്രിസ്തീയ ജീവിതത്തിനുള്ള ആത്മീയചര്യയാണു വി. നോമ്പും ഉപവാസവും എന്നു തിരിച്ചറിഞ്ഞു അനുഷ്ഠിക്കുന്നവരുടെ സംഖ്യ ഇന്നു വിരളമായിരിക്കുന്നു. ഇതു നമ്മുടെ ആത്മീയ പാപ്പരത്തത്തെയാണു പ്രകടമാക്കുന്നത്. ഇവിടെ സാരമായ ഒരു മാറ്റം അനിവാര്യമായിരിക്കുന്നു.




**വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം വാർഷികത്തോടനുബന്ധിച്ച് നിലയ്ക്കൽ എക്യുമെനിക്കൽ സെന്ററിൽ നിന്നും നിരണം പള്ളിയിലേക്ക് നടത്തുന്ന മാർത്തോമൻ സന്ദേശയാത്രയുടെ ദീപശിഖ പ്രയാണം പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് പള്ളിയിൽ എത്തിയപ്പോൾ കുറിയാക്കോസ് മാർ ക്ലിമ്മീസും ജോഷ്വാ മാർ നിക്കോദിമോസും ചേർന്ന് സ്വീകരിക്കുന്നു.**

# മാർ അൽവാറീസിന്റെ പ്രേഷിത ചൈതന്യം

## ഫാ. സി. എം. ഫിലിപ്പോസ്



സുവിശേഷം ഘോഷിപ്പാൻ, ദൈവ രാജ്യത്തിനായി ആത്മാക്കളെ നേടാൻ, ഭാഷയോ, സംസ്കാരമോ, ദേശമോ, അതിന്റെ അതിർത്തിയോ, ഒന്നുംതന്നെ അതിർ വരമ്പുകളല്ലായെന്നു സ്വജീവിതം കൊണ്ട്, സാക്ഷിച്ചും ജീവിച്ചും കടന്നുപോയ ഒരു പുണ്യപുരുഷനെ കുറിച്ചുള്ള ചിന്തകൾ പലപ്പോഴുമെന്റെ ഉറക്കം കെടുത്താറുണ്ട്. 'നിദ്രയിൽ കാണുന്നതല്ല സ്വപ്നം, ഒരുവന്റെ നിദ്രയെ കെടുത്തുന്നതാണ് സ്വപ്നം' എന്ന് പറഞ്ഞു, ഭാരതമണ്ണിലെ യുവജനതയെ സ്വപ്നം കാണാൻ പഠിപ്പിച്ച കലാമെന്ന നല്ല മനുഷ്യന്റെ വാക്കുകൾ അറിയാതെ ഓർത്തുപോകുന്നു. ലങ്കാ ദഹനത്തിനു വാലിൽ എരിയുന്ന തീയും, നെഞ്ചിൽ ഈശ്വരചിന്തയുടെ കെടാത്ത കനലുമായി അതിശീഘ്രം സഞ്ചരിച്ച ആഞ്ജനേയനെ കണക്കു തീക്ഷ്ണതയേറിയ മാർ അൽവാറീസ് യുലിയോസെന്ന മഹാത്മാവിനെ കുറിച്ചുള്ള ചിന്തകൾ നെഞ്ചിൽ കനലു കോരിയിടാൻ തുടങ്ങിയിട്ട് കാലം ഏറെയായി.

ഭാരതസഭയിൽ സുവിശേഷീകരണത്തിനു പുതിയ മാനം സൃഷ്ടിച്ചു 'അവ സാനത്തെ നിദ്രയ്ക്ക് മുൻപ് കാതങ്ങളിനിയുമേറെയുണ്ട് സഞ്ചരിപ്പാൻ' എന്നു പറഞ്ഞു, പാദങ്ങളിൽ ചിറകുമായി യാത്രചെയ്ത ഈ തീക്ഷ്ണവാൻ മണ്മറ ഞ്ഞിട്ടു ഒരു നൂറ്റാണ്ടു പിന്നിടാൻ ഇനി ഏതാനും മാസങ്ങൾ മാത്രം ബാക്കി. മാർ അൽവാറീസ് യൂലിയോസ് എന്ന ചരിത്ര പുരുഷന്റെ സഞ്ചാരപഥങ്ങൾ നൽകുന്ന പ്രചോദനം ചെറുതൊന്നുമാകാതിരിക്കട്ടെ നവയുഗ സഭയ്ക്കു.

മലങ്കരസഭയിലെ പിതാക്കന്മാർ ഒരുമിച്ചെടുത്ത ഒരു ചിത്രത്തിൽ മോർ അൽ വാറീസ് തിരുമേനിയുടെ ഇരിപ്പും, ആ കണ്ണിലെ തീക്ഷ്ണതയും മാത്രം ശ്രദ്ധി ച്ചാൽ മതിയാകും, ആ പുണ്യപുരുഷന്റെ ആത്മാവിലെ ജ്വലനം. തനിക്കു സഞ്ചരിക്കാൻ ഇനിയുമേറെ ദൂരമുണ്ടെന്നും, പാഴാക്കാൻ അല്പംപോലും സമയമില്ലെന്നും പറയാതെ പറഞ്ഞു വയ്ക്കുന്നുണ്ട് ആ ചിത്രം. പറഞ്ഞു വരുന്നത്, യെരുശലേമിലെ മർക്കോസിന്റെ മാളികയിലെ പെന്തക്കുസ്തായുടെ അനുഭവവുമായി ആ പുണ്യതാതൻ സുവിശേഷം ഘോഷിച്ചതിനെ കുറിച്ചു തന്നെ. സഹ്യ പർവ്വത നിരകൾക്കപ്പുറത്തു സുവിശേഷത്തിനായി ദാഹിക്കുന്ന ഒരു വലിയ ജനതതിയുണ്ടെന്നു അദ്ദേഹം ഈ സഭയോട് ഉറക്കെ പറഞ്ഞു. മലയാങ്കരയ്ക്കുള്ളിൽ ഒതുങ്ങുന്ന സുവിശേഷം, സുവിശേഷമാകുന്നതു എങ്ങനെയെന്ന് പ്രവാചകനെ കണക്കു അദ്ദേഹം വിളിച്ചു ചോദിച്ചു. സഭ കാതോലികമാണെന്നു - സാർവത്രികം - പഠിപ്പിക്കുമ്പോൾ, അതിനർത്ഥം, ലോകാതിർത്തിയോളം ചേക്കേറിയ മലയാളിയുടെ മാത്രം ലോകമായി കാണുന്നത് എങ്ങനെയെന്നോർത്തു അദ്ദേഹം വല്ലാതെ നൊമ്പരപ്പെട്ടു.

തിരുമേനി സഞ്ചരിച്ച വഴികളിൽ, ആയിരങ്ങളും പതിനായിരങ്ങളും പിന്തുടർ ന്നുവെന്ന് ചരിത്രത്താളുകളിൽ വെറുതെ വായിച്ചു പോകരുത്, വിളക്കുവെച്ചു വായിക്കേണ്ട സുവിശേഷം തന്നെയാണത്. ഈ കാലത്തിലും അത് സാധ്യ മാക്കാൻ ദൈവാത്മാവ് വിളിക്കുന്നത് തിരിച്ചറിയുമ്പോൾ, നാം സ്വയമൊരുക്കിയ സംരക്ഷണത്തിന്റെ നടുചുവരുകൾ പൊളിക്കാൻ നാം തയ്യാറാകും. ആരുമി ല്ലാത്തവന്റെ നിലവിളി സ്വന്തം നെഞ്ചിലെ പിടച്ചിലായ് കരുതി അത് ഏറ്റെടു ക്കുവാൻ ഇറങ്ങി പുറപ്പെടണം. ഇടയനില്ലാത്ത ആടുകളുടെ നിലവിളി ശബ്ദം കേൾക്കാൻ കഴിയണം. മിഷൻ ചൈതന്യമുള്ള ഒരു സന്യാസ സമൂഹം ഈ കാലത്തിന്റെ ആവശ്യമാണെന്നു തിരിച്ചറിഞ്ഞു, വിശുദ്ധ കുർബാനയുടെ ഒരു പ്രേഷിത സമൂഹമായി അത് വളർന്ന്, സമർപ്പിതരായ അതിലെ സന്യാസിക ളിലൂടെ ആരാധനാക്രമങ്ങൾ പൂർണ്ണമായി തദ്ദേശീയ ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെട്ടു, അത് തിരുസ്സഭയുടെ വളർച്ചയ്ക്കും, ദൈവരാജ്യത്തിന്റെ വ്യാപന ത്തിനുമായ് പ്രയോജകീഭവിക്കുന്നതുമെല്ലാം നമുക്ക് സ്വപ്നം കാണാം, ഉണ ർന്നു പ്രവർത്തിക്കാം.

ലത്തീൻ റീത്തുകൾ സ്ഥാപിക്കാൻ നൂറ്റാണ്ടുകൾക്കു മുൻപ് മലങ്കര സഭ യിലെ പുണ്യ പിതാക്കന്മാർ കാണിച്ച ഹൃദയ വിശാലത അന്യം നിന്നുപോയെ ങ്കിൽ അത് വീണ്ടെടുക്കപ്പെടുക തന്നെ വേണം. തങ്ങളുടെ ആരാധന പൈതൃകം നഷ്ടപ്പെടുത്താതെ മലങ്കര സഭയെന്ന കുടക്കീഴിൽ അണിനിരക്കാൻ വെമ്പൽകൊള്ളുന്ന ഒരുപറ്റമാളുകളെ അൽവാറീസ് തിരുമേനിയുടെ ഹൃദയ വിശാലതയോടുകൂടി ഉൾക്കൊള്ളുമ്പോൾ സഭാമാതാവ് സന്തുഷ്ടയാകുമെന്ന തിൽ സംശയമില്ല. കാലമേറെയായി, നമുക്ക് ഉണർന്നു പ്രവർത്തിക്കാം, എവിടെ യൊക്കെയോ എങ്ങനെയൊക്കെയോ നഷ്ട്ടപെട്ട സാക്ഷ്യം വീണ്ടെടുക്കാൻ ഇടയാകട്ടെ.

❑



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയും, കത്തോലിക്കാ സഭയുമായുള്ള 2022 – ലെ ഉഭയകക്ഷി സംവാദം കോട്ടയം മാങ്ങാനം സ്പിരിച്വാലിറ്റി സെൻററിൽ നടന്നു. ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ച് ഡോ. യാക്കോബ് മാർ ഐറേനിയോസ്, ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്, ഡോ. ജോസഫ് മാർ ദീവന്നാസ്യോസ്, ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ്, ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ, ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്താ, ഫാ. ഡോ. ബേബി വർഗീസ്, ഫാ. ഡോ. റജി മാത്യു, ഫാ. ഡോ. ജോസി ജേക്കബ്, ഫാ. ഡോ. ജോസ് ജോൺ, ഫാ. ഡോ. കോശി വൈദ്യൻ, ഫാ. ഡോ. വിനു വർഗീസ് എന്നിവർ പങ്കെടുത്തു.



# അധ്യാപന രംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ

കോട്ടയം: അധ്യാപനരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങൾ സ്വന്തമാക്കിയ പ്രഫ. ഡോ. നൈനാൻ ഏബ്രഹാം ഓർമ്മയായി. 1921 നവംബർ 22–ന് കോട്ടയം, പുതുപ്പള്ളി വടശ്ശേരി കുടുംബത്തിലെ കടുപ്പിൽ വീട്ടിൽ അദ്ദേഹം ഭൂജാതനായി. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദാനന്തര ബിരുദം ഒന്നാം റാങ്കോടെ പാസായ ആലുവ യു.സി. കോളജിൽ അദ്ധ്യാപകനായി അദ്ദേഹം ഔദ്യോഗിക ജീവിതം ആരംഭിച്ചു.

ഇംഗ്ളണ്ടിൽ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഫിലോസഫിയിലും സൈക്കോളജിയിലും എം.എ. ബിരുദം പാസായ ശേഷം അവിടെ നിന്ന് തന്നെ ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.ലിറ്റും തുടർന്ന് എം.ലിറ്റും കരസ്ഥമാക്കി.

നാഗ്പൂർ ഹിസ്ലപ്പ് കോളജിൽ അദ്ധ്യാപകനായിരിക്കെ പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പൽ ആയി നിയമനം ലഭിച്ചു. കോളജിൽ ആദ്യമായി ഡിഗ്രി തലത്തിലുള്ള കോഴ്സുകൾ തുടങ്ങുന്നത് ഈ സമയത്താണ്.

പിന്നീട് കാൺപൂർ ക്രൈസ്റ്റ് ചർച്ച് കോളേജ് പ്രിൻസിപ്പൽ ആയ അദ്ദേഹം ഈ കോളേജിനെ ഒരു മുൻ നിര വിദ്യാഭ്യാസ സ്ഥാപനമാക്കുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചു. ഈ സമയത്ത് കോളേജിൽ പോസ്റ്റ് ഗ്രാജ്വേറ്റ് കോഴ്സുകളടക്കം നിരവധി പുതിയ കോഴ്സുകൾ തുടങ്ങുകയും ഉത്തർപ്രദേശ് സംസ്ഥാനത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമെന്ന ബഹുമതി കൊളേജിന് ലഭിക്കാനുമിടയായി. റിസൽറ്റിന്റെ അടിസ്ഥാനത്തിൽ കോളേജിന് ഉത്തർപ്രദേശ് സംസ്ഥാനത്തെ ഉയർന്ന മെറിറ്റ് ഗ്രാന്റ് അവാർഡ് തുടർച്ചയായി അഞ്ചു വർഷത്തോളം നേടാനായത് അദ്ദേഹത്തിന്റെ നേട്ടമായി കണക്കാക്കപ്പെടുന്നു.

പിന്നീട് കാൺപൂർ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ആയി നിയമിതനായ അദ്ദേഹം അവിടെയും നിരവധി പരിഷ്കാരങ്ങൾക്ക് തുടക്കം കുറിച്ചു. റിട്ടയർമെന്റിനു ശേഷം യൂണിവേഴ്സിറ്റിയുടെ കോളേജ് ഡവലപ്മെന്റ് കൗൺസിൽ ഡയറക്ടർ ആയി സേവനം ചെയ്തു.


### ശിഷ്യഗണം

മുഖ്യമന്ത്രി പി. കെ. വാസുദേവൻനായർ, മലങ്കര ഓർത്തഡോക്സ് സഭ അധ്യക്ഷനായിരുന്ന പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ, മാർത്തോമ്മാ സഭ അധ്യക്ഷനായിരുന്ന ഡോ. ജോസഫ് മാർത്തോമ്മാ തുടങ്ങി ഒട്ടേറെ പ്രശസ്തർ ഡോ. നൈനാൻ ഏബ്രഹാമിന്റെ ശിഷ്യന്മാരാണ്.

അധ്യാപക ജീവിതത്തിൽ നിന്നു വിരമിച്ചതിനു ശേഷം കോളജ് ഡവലപ്മെന്റ് കൺസിൽ ഡയറക്ടർ, ഓൾ ഇന്ത്യ അസോസിയേഷൻ ഫോർ ക്രിസ്ത്യൻ ഹയർ എജ്യുക്കേഷൻ കേരള ഘടകം ഡയറക്ടർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഓട്ടോണമസ് കോളജുകളെക്കുറിച്ചു പുസ്തകം രചിച്ചു. വിവിധ അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### 3 വർഷം പഠനം വീട്ടിലിരുന്ന്

പയ്യപ്പാടി സി.എം.എസ്. പ്രൈമറി സ്കൂളിലായിരുന്നു പഠനം തുടങ്ങിയത്. ഒന്നാം ക്ലാസ് പരീക്ഷയ്ക്കു ശേഷമുള്ള അവധിക്കാലത്തു കളിക്കുന്നതിനിടയിൽ വീണു കാലൊടിഞ്ഞതോടെ 6 മാസം വിശ്രമം. ഇതോടെ നൈനാനെ പഠിപ്പിക്കുന്ന ചുമതല അമ്മ ഏറ്റെടുത്തു. പിന്നീട്3 വർഷം വീട്ടിൽ പഠനം. ഇതിനിടയിൽ പിതാവ് മരിച്ചു. എം.ഡി. സെമിനാരി സ്കൂളിലും പുതുപ്പള്ളി സെന്റ് ജോർജ് ഇംഗ്ലീഷ് ഹൈസ്കൂളിലുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഇന്റർമീഡിയറ്റിന് ആലുവ യു.സി. കോളജിൽ. മദ്രാസ്ക്രിസ്ത്യൻ കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ഓണേഴ്സ്, സർവകലാശാലയിൽ ഒന്നാമനായിട്ടായിരുന്നു വിജയം.



അധ്യാപകൻ, പക്ഷേ വയസ്സ് 20. 20–ാം വയസ്സിൽ ആലുവ യു.സി. കോളജിൽ ട്യൂട്ടറായി പ്രവേശിച്ചു. ഒരേ ക്ലാസിൽ പഠിച്ചിരുന്ന 8 പേർ, സീനിയറായി പഠിച്ച 2 പേർ, ബന്ധുക്കൾ തുടങ്ങി പലരും വിദ്യാർഥികളായി ക്ലാസിൽ ഉണ്ടായിരുന്നു.

### രാഷ്ട്രപതിയുടെ ശിഷ്യൻ

ഓക്സ്ഫഡ് സർവകലാശാലയിൽ സ്കോളർഷിപ്പോടെ 3 വർഷത്തെ ഗവേഷണമായിരുന്നു അടുത്തത്. ഫിലോസഫി ആൻഡ് സൈക്കോളജിയിൽ ഓണേഴ്സിനാണ് ചേർന്നത്. മുൻ രാഷ്ട്രപതി ഡോ. എസ്. രാധാകൃഷ്ണൻ ഇവിടെ അധ്യാപകനായിരുന്നു. പിന്നീട് കാൺപൂരിൽ എത്തുമ്പോൾ ഡോ. എസ്.രാധാകൃഷ്ണൻ, നൈനാന്റെ വീട്ടിലാണ് താമസിച്ചിരുന്നത്.

### കാൽ നൂറ്റാണ്ട് പ്രിൻസിപ്പൽ

ഓക്സ്ഫഡിൽ നിന്നു തിരിച്ചെത്തി 1954–ൽ നാഗ്പൂർ ഹിസ്ലോപ്പ് കോളജിൽ അധ്യാപകനായി. 1955–ൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളജിന്റെ പ്രിൻസിപ്പലായി. രണ്ടര വർഷത്തിനുശേഷം കാൺപൂർ ക്രൈസ്റ്റ് ചർച്ച് കോളജ് പ്രിൻസിപ്പലായി. 60 വയസു വരെ പദവിയിൽ തുടർന്നു. കാൽ നൂറ്റാണ്ടോളമാണ് പ്രിൻസിപ്പൽ കസേരയിൽ ഇരുന്നത്.

### കാൺപൂരിൽ വൈസ് ചാൻസലർ

അടിയന്തരാവസ്ഥക്കാലത്ത് കാൺപൂർ സർവകലാശാലയുടെ കീഴിലുള്ള കോളജുകളിലെ ഏറ്റവും മുതിർന്ന പ്രിൻസിപ്പലായ ഡോ. നൈനാൻ വൈസ് ചാൻസലർ പദവി ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടായി. അങ്ങനെ 1976 ഒക്ടോബർ മുതൽ 1978 ഡിസംബർ വരെ വൈസ് ചാൻസലർ പദവിയിൽ. ഒരേ സമയം കോളജ് പ്രിൻസിപ്പലിന്റെ ചുമതലയും വഹിച്ചു.



**കോഴിക്കോട് ഈങ്ങാപ്പുഴ എം.ജി.എം. ഹയർ സെക്കൻഡറി സ്കൂൾ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനവും നവീകരിച്ച സ്കൂൾ ലൈബ്രറി ഉദ്ഘാടനം, സ്കൂൾ ഗ്രൗണ്ട് നവീകരണ പ്രവർത്തന ഉദ്ഘാടനവും ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് നിർവഹിച്ചു.**

Church Calendar



# "The Aberrancy in the Genealogy of our Existence: God's Plan of Inclusivity"

## (Sunday of Genealogy of Jesus the Messiah, Matthew 1:1-17)

Fr. Geevarghese Thomas

The Matthean record of the Gospel of Christ is purely intended to a Jewish community, emphasizing the ideas like- Davidic Kingdom, Jesus as the Son of David, Kingdom of Heaven etc. Matthew presents a contrasting Jewish flavor in highlighting Jesus as the Messiah, to the Jews who rejected Jesus. The Jews have strong interest in their ancestry and thus Matthew presents them a Gospel by beginning with a record of the genealogy which is very unusual according to Jewish norm. He highlights that Jesus is the promised King in the Lineage of David, starting from Abraham, showing the fulfilment of God's promise in Jesus Christ. He is unique (from the authors of Synoptic Gospels - Mark, Luke and John) to author as an apostle, who was a tax collector (named as Levi) before he followed Jesus as His disciple.

**Reflections**

***1. "He who did not know sin was made to be sin, so that we might become righteousness of God in Him" (2 Corinthians 5:21).***

These words of St. Paul have been creating a confounding situation in regard to Christ's Divine nature. Then, why is it said that Christ was made to be a sin? A simple answer lies in reference to the genealogy of Jesus. It is an unusual thing which Matthew mentioned in the genealogy, by including four women with flawed history- Tamar, Rahab, Ruth and Bathsheba. Tamar sold herself as a prostitute to her father-in-law Judah to bring forth Perez and Zerah (Genesis 38). Rahab was a gentile prostitute (Joshua 2; 6:22,23). Ruth was from Moab, a gentile before her conversion, who was out of the covenant of Israel. Bathsheba the wife of Uriah was an adulteress. The Incarnation of God happened to take an ancestry where there were people not just righteous (good kings) but some with a history of sinfulness too. It is in that sense Christ was made a sin; to take an ancestry which was not perfect. But God chose them in an unlikely manner so that the fallen human race could be made righteous in (or through) Him.

In other sense, in our earthly life this account of inclusiveness is also an act exemplifying reconciliation without judgment (not the final judgment of God). Christ teaches us- *"Do not judge, so that you may not be judged. For the judgment you give will be the judgment you get, and the measure you give will be the measure you get"* (Matthew 7:1,2). As the whole body suffers when any part of it gets an injury, likewise, the whole body experiences a healing when the particular injury is treated upon. "A wound on a leg can be banded up by the unwounded hands!" The Christ Incarnate who knew no sin was made "to be sin", so that our injuries, our blemishes, our brokenness be healed and be made righteous. Jesus Christ through his graceful Incarnation reconciles with our fallen human nature and justifies (nonjudgmental, unprejudiced) us with His righteousness. What does it imply? *"What shall we say, then? Shall we go on sinning so that grace may increase? By no means! We are those who have died to sin; how can we live in it any longer? ....In the same way, count yourselves dead to sin but alive to God in Christ Jesus. Therefore do not let sin reign in your mortal body so that you obey its evil desires. Do not offer any part of yourself to sin as an instrument of wickedness, but rather offer yourselves to God as those who have been brought from death to life; and offer every part of yourself to him as an instrument of righteousness. For sin shall no longer be your master, because you are not under the law, but under grace. What then? Shall we sin because we are not under the law but under grace? By no means! Don't you know that when you offer yourselves to someone as obedient slaves, you are slaves of the one you obey—whether you are slaves to sin, which leads to death, or to obedience, which leads to righteousness? But thanks be to God that, though you used to be slaves to sin, you have come to obey from your heart the pattern of teaching that has now claimed your allegiance. You have been set free from sin and have become slaves to righteousness"* (Romans 6:1,2,11-18).

**2. The stages and inclusive Genealogy of Jesus as a replica of our life.**

Unlike Luke who records the reverse genealogy of Jesus beginning from Mary, Matthew records it starting from Abraham. The first name Abraham itself reminds the promise of God made to the people of God through Abraham (Genesis 12 and 17) and later again the promise of God to beget the King of Israel in the Lineage of David (2 Samuel 7:12-16). This genealogy is then, the genealogy of the promised King. As Matthew emphasizes the Davidic Kingdom in his Gospel, we could see three stages of Davidic Kingdom in this genealogy passage- first, the establishment of the Kingdom of David; second, the exile following the destruction of the Kingdom of David; third, Restoration of the Kingdom of David. The Promise of God amidst these stages in the history of People of God can be connected to our personal life for reviving and ensuring our salvation in God's promise.

As St. Paul writes - *"But you were washed, you were sanctified, you were justified in the name of the Lord Jesus Christ and by the Spirit of our God...But whoever is united with the Lord is one with him in spirit...Do you not know that your bodies are temples of the Holy Spirit, who is in you, whom you have received from God?"* (1 Corinthians 6:11,17,19). The initiation to the Kingdom of God or the Kingdom of Heaven is through a covenantal relationship established through washing, sanctifying and sealing act in the Holy Baptism. This resembles the establishment and the inception of the promise of God in our being. This stage of Davidic Kingdom is quite peaceful where God reigns and provides his people. Likewise, every baptized person is bestowed the spiritual amours to withstand the sinful warfare. Later on, the Davidic Kingdom is destructed by the external powers. As sin surmounts the grace (not absent) through our wicked motives and feeble will, this established Kingdom of God in our "self" is destructed by the stings of sin. And later, God's Promise is fulfilled in the Incarnation of the King of Peace, restoring and redeeming the Davidic Kingdom. The restoration of Davidic Kingdom is a resemblance to restore "our body which is the

temple of the Holy Spirit." It is perfected by the physical appearance (reconciliation with human race) of Jesus Christ, the promised son of David! Likewise, we need a legal and willful participation in the "baptism of tears" - the Holy confession, to restore in us the "Promise of God" which is the Body and Blood of Christ!

**Conclusion**

The genealogy of Jesus recorded by Matthew is a striking lesson for the hard-hearted Jews, where the Messiah is born through a lineage not so perfect and who is the King of New Israel, where there is no biasing and where Jews and Gentiles are all alike beneficiaries of God's unbiased grace. It is to reconcile the guilt, brokenness and fallen human race with God, God being perfect assumed the same human flesh. It is thus He became sin and the sin offering at the same time. The Matthean genealogy of Jesus is inclusive. It includes people with aberrant character. It includes Gentiles and Jews both. It gives us an insight that God has accepted us with all our iniquities, provided we must yearn and strive to restore ourselves into the covenant relationship with God, through spiritual practices of partaking or conceiving the Holy Mysteries for the redeeming experience of "Immanuel, who is God with us." May God bless us.

❑

# ബഫർസോൺ പ്രതികരണസമയം അപര്യാപ്തം: മാർ ബർണ്ണബാസ്

ബത്തേരി: സംസ്ഥാന റിമോട്ട് സെൻസിംഗ് ആൻഡ് എൻവിയോൺമെന്റ് സെന്റർ ഉപഗ്രഹ സർവ്വയിലൂടെ തയ്യാറാക്കിയ പ്രാഥമിക റിപ്പോർട്ടും. ഓഫർ സോണുമായി ബന്ധപ്പെട്ട സർക്കാർ പുറപ്പെടുവിച്ച മാപ്പും അവ്യക്തവും ആശങ്കാജനകവുമാണെന്ന് ഡോ. ഗീവർഗീസ് മാർ ബർണബാസ്.

ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഇടങ്ങൾ ഒന്നും തന്നെ കൃത്യമായി മാപ്പിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ തന്നെ ജനവാസ മേഖല എന്ന് അവകാശപ്പെടുമ്പോഴും അത് സ്ഥാപിച്ച എടുക്കാൻ ബുദ്ധിമുട്ട് ഉണ്ടാകുന്ന വിധത്തിലാണ് മാപ്പ് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ളത്. ആരാധനാലയങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആതുരസേവന കേന്ദ്രങ്ങളും ഉൾപ്പെടെ ഉള്ളവ ബഫർ സോണിലാണ് വരുന്നത്.

വളരെ പരിമിതമായ സമയം മാത്രം നൽകിക്കൊണ്ട് ഇത്തരം കാര്യങ്ങളിൽ കാര്യമായ അവഗാഹമില്ലാത്ത പൊതു സമൂഹത്തോട് നിങ്ങളുടെ വീടുകളും മറ്റു നിർമ്മിതികളും മാപ്പിൽ രേഖപ്പെടുത്താൻ ആവശ്യപ്പെടുന്നത് നീതിയുക്തമല്ല. മാപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ പഠിക്കുവാനും അത് പരിഹരിക്കാനുമുള്ള സമയം അനുവദിക്കുകയും ഇത്തരം കാര്യങ്ങൾ സുവ്യക്തമായി പൂർത്തീകരിക്കുന്നതിന് സർക്കാർ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുന്നത് ചെയ്യേണ്ടത്.

വയനാടൻ ജനതയുടെ അതിജീവനവും തൊഴിലും സംരക്ഷിക്കപ്പെടണമെങ്കിൽ കാടും നാടും തമ്മിൽ വേർതിരിക്കപ്പെടേണ്ടതാണ് അതിനാവശ്യമായ നടപടിക്രമങ്ങൾ സർക്കാർതലത്തിൽ നടപ്പിലാക്കണം. ഇതു മാത്രമേ മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള ഏറ്റുമുട്ടലുകൾക്കുള്ള ഏക ശാശ്വത പരിഹാരം.

മൈസൂർ -കോഴിക്കോട് പാതയിൽ മൂലഹള്ളിയിൽ വാഹനം ഇടിച്ച് കാട്ടാന ചരിഞ്ഞതിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് രാത്രികാല നിരോധന സമയം വർദ്ധിപ്പിക്കാനുള്ള കർണാടക സംസ്ഥാനത്തിന്റെ ശ്രമം അപലപനീയമാണ്.

ഇതിലും സർക്കാരിന്റെ സ്വത്വര ഇടപെടൽ അനിവാര്യമാണ്. വയനാടൻ ജനതയുടെ അതിജീവനത്തിന് ആവശ്യമായ നടപടികൾ ഉണ്ടായില്ലെങ്കിൽ ബഹുജന പ്രക്ഷോഭത്തിന് ഓർത്തഡോക്സ് സഭയും മുൻപന്തിയിൽ ഉണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

# സഭാതർക്കത്തിൽ നിലപാട് കടുപ്പിച്ച് ഹൈക്കോടതി

## വിധി നടത്തിപ്പിൽ ക്രമ സമാധാനം പ്രശ്നം കാരണമാക്കരുതെന്ന് പോലീസിന് നിർദ്ദേശം

കൊച്ചി: സഭാത്തർക്കത്തിൽ പള്ളികളിൽ കോടതി വിധികളുടെ നടത്തിപ്പ് നീളുന്നതിനിടെ ഹൈക്കോടതിയുടെ സുപ്രധാന ഇടപെടൽ. പിറമാടം സെന്റ് ജോൺസ് ഓർത്തഡോക്സ് പള്ളിയുടെ തർക്കവുമായി ബന്ധപ്പെട്ട് ഓർത്തഡോക്സ് സഭക്ക് അനുകൂലമായ മുൻസിഫ് കോടതി ഉത്തരവ് നടപ്പാക്കാൻ പോലീസ് സംരക്ഷണം ആവശ്യപ്പെട്ടാണ് വികാരി ഫാ. ജോൺ വി ജോൺ ഹൈക്കോടതിയെ സമീപിച്ചത്. കോടതി ഉത്തരവ് നിലനിൽക്കെ ദേവാലയത്തിൽ പ്രവേശിക്കാൻ ഇടവകാംഗങ്ങളുമായി പോയിരുന്നു എങ്കിലും യാക്കോബായ വിഭാഗത്തിന്റെ എതിർപ്പിനെ തുടർന്ന് സമാധാനപൂർവ്വം പിരിഞ്ഞു പോവുകയാണ് ഉണ്ടായത്. ക്രമ സമാധാനം പ്രശ്നം ചൂണ്ടിക്കാട്ടി കോടതി വിധി നടപ്പാനാക്കാവില്ലെന്ന പോലീസ് ആവശ്യം കോടതി തള്ളിക്കളഞ്ഞു. സിവിൽ കോടതിയുടെ ഉത്തരവ് നടപ്പാക്കേണ്ട ബാധ്യതയുണ്ട്. ജില്ലാ കളക്ടർ, പുത്തൻകുരിശ് ഡി.വൈ.എസ്.പി., രാമംഗലം എസ്.എച്ച്.ഒ. എന്നിവർക്കാണ് ഹൈക്കോടതി സിംഗിൾ ബെഞ്ചിന്റെ നിർദ്ദേശം. ജസ്റ്റിസ് അനു ശിവരാമന്റേതാണ് ഉത്തരവ്.



**കാതോലിക്കേറ്റ് & എം.ഡി. സ്കൂൾസ് കോർപ്പറേറ്റ് മാനേജരായ ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് തെയ്യപ്പാറ സെൻറ് ജോർജ് എൽ.പി. സ്കൂളിലെ പുതിയ സ്കൂൾ ബസ് കൂദാശ ചെയ്തു. പുതിയ പാചകപ്പുര, സ്റ്റോർ, ഡൈനിങ് ഹാൾ എന്നിവയുടെ ശിലാസ്ഥാപന കർമവും നിർവഹിച്ചു.**



**അന്താരാഷ്ട്ര കമ്പനിയായ ഫോർട്ട്നെറ്റിന്റെ ഇന്ത്യയിലെ മികച്ച സെലക്ട് പാട്ണർ ആയി കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന സെക്യൂർ സൊല്യൂഷൻസ് തെരഞ്ഞെടുക്കപ്പെട്ടു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അൽമായ ട്രസ്റ്റി റോണി വർഗ്ഗീസ് എബ്രാഹാമിന്റെതാണ് ഈ സ്ഥാപനം. ഈജിപ്റ്റിലെ കെയ്റോയിൽ വെച്ച് ആയിരുന്നു അവാർഡ് ദാന ചടങ്ങ് നടന്നത്.**




## ഗ്രേറ്റർ നോയിഡ സെന്റ് ജോൺസ് സ്കൂൾ സമർപ്പിച്ചു

ന്യൂഡൽഹി: സമൂഹത്തെ അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസവും പഠനവും കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. പല കെട്ടുകളിൽ നിന്നും മോചനം നേടിയാൽ മാത്രമേ വിദ്യാഭ്യാസത്തിലൂടെ പുരോഗതിയുണ്ടായെന്ന് അവകാശപ്പെടാൻ സാധിക്കൂ. സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുമ്പോൾ ഏതെല്ലാം രംഗങ്ങളിൽ ഈ മോചനവും പുരോഗതിയും നേടിയെന്നു പരിശോധിക്കേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഗ്രേറ്റർ നോയിഡ സെന്റ് ജോൺസ് സ്കൂളിന്റെ സമർപ്പണ ചടങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിൽ മാറ്റമുണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണു സഭകളും വിവിധ കൂട്ടായ്മകളുടെമെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്നതെന്നും അദ്ദേഹം വിശദീകരിച്ചു. ജോലിയും മികച്ച ജീവിതവുമെല്ലാം ഇതിന്റെ ഒരു ഘടകമാണ്. എന്നാൽ ഇതിലൂടെയെല്ലാം സ്വപ്നം കാണുന്നതു നല്ലൊരു നാളെയാണ്. 'തമസോമാ ജ്യോതിർഗമയാ' എന്നതാണു സന്ദേശം. വിദ്യാഭ്യാസത്തിലൂടെ കുട്ടികൾക്ക് പുതിയ വെളിച്ചം പകർന്നു നൽകേണ്ടതുണ്ട്. സമൂഹത്തിന്റെ വേദന കാണാൻ സാധിക്കണം. അവരുടെ പ്രശ്നങ്ങൾക്കു നേരെ കണ്ണും ചെവിയും തുറക്കുമ്പോഴാണു വിദ്യാഭ്യാസം അതിന്റെ യഥാർഥലക്ഷ്യം നേടുന്നതെന്നും അദ്ദേഹം പറഞ്ഞു.

സ്കൂൾ നിർമാണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയരെ ആദരിച്ചു. കഴിഞ്ഞ അധ്യയന വർഷം മികച്ച വിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു. കുട്ടികളുടെ വിവിധ കലാപരിപാടികളും അരങ്ങേറി. ഡോ. യൂഹാനോൻ മാർ ദിമെത്രയോസ്, ദാദ്രി എംഎൽഎ തേജ്പാൽ സിങ് നാഗർ, അലക്സാണ്ടർ ജോർജ് മുത്തൂറ്റ്, ഡൽഹി ഭദ്രാസന സെക്രട്ടറി ഫാ. സജി യോഹന്നാൻ, സ്കൂൾ ചെയർമാൻ ഫാ. അജി കെ ചാക്കോ, സ്കൂൾ പ്രിൻസിപ്പൽ റീജ നൈനാൻ തുടങ്ങിയവർ പ്രസംഗിച്ചു.




**റൂസ പദ്ധതിയിൽ പാമ്പാടി കെ. ജി. കോളേജിൽ പൂർത്തീകരിച്ച കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങ്.**




## ജോയൽ ബേബി അബ്രഹാമിന് അലൻ ജോസ്റ്റൻ അവാർഡ്

ലണ്ടൻ: ശാസ്ത്രലോകത്തെ അഭിമാനിക്കുന്ന നേട്ടത്തിനർഹനായി മലങ്കര ഓർത്തഡോക്സ് സഭാംഗം ജോയൽ ബേബി അബ്രഹാമിന് ലോകപ്രശസ്തമായ യൂണിവേഴ്സിറ്റി കോളേജ് ഓഫ് ലണ്ടന്റെ അലൻ ജോസ്റ്റൻ അവാർഡ്.

നക്ഷത്രങ്ങളിൽനിന്നു ശൂന്യാകാശത്തേക്ക് (space) പുറത്തുവിടുന്ന താപത്തിനെ അളക്കുന്നതിനും അത് പൂർണമായി വിശദീകരിക്കുന്നതിനുമുള്ള സൂത്രവാക്യമാണ് തന്റെ ഗവേഷണത്തിലൂടെ അദ്ദേഹം ശാസ്ത്രലോകത്തിനു നൽകിയത്. സ്പേസ് റിസർച്ച് സ്റ്റഡീസിൽ ഗവേഷണം നടത്തിയ ശാസ്ത്രകാരന്മാർക്കു ഇതുവരെയും കഴിയാത്ത നേട്ടമാണ് മലയാളിയായ ജോയൽ നേടിയെടുത്തത്.

പ്രധാനമായും ഭൂമിയിൽ പാതാർത്ഥങ്ങൾ കാണപ്പെടുന്നത് ഖര, ദ്രവ, വാതക അവസ്ഥയിലാണ്. നമ്മൾക്ക് കാണാൻ കഴിയുന്ന യൂണിവേഴ്സിന്റെ 0.1% മെറ്റീരിയൽസ് ഈ അവസ്ഥയിലാണ് കാണപ്പെടുന്നത് എന്നാൽ ബാക്കി 99.9% മെറ്റീരിയൽസും പ്രപഞ്ചത്തിൽ സ്ഥിതിചെയ്യുന്നത് (matter) മാറ്ററിന്റെ നാലാമത്തെ അവസ്ഥയായ പ്ലാസ്മ (പ്ലാസ്മ) അവസ്ഥയിലാണ്. ഒരു നക്ഷത്രത്തിൽ നിന്നു ഇന്റെർസ്റ്റെല്ലർ സ്പേസിലേക്കു താപം (heat) എങ്ങനെ കൊണ്ടുപോകുന്നു എന്നുള്ളത് ശാസ്ത്രകാന്മാർക്കും മനുഷ്യർക്കും ഇപ്പോഴും ഒരു നിഗൂഢതയായി അവശേഷിക്കുന്നു.

ഇന്നുവരെയുണ്ടായിട്ടുള്ള തിയറികൽ പറയുന്നതും നമ്മൾ observe ചെയ്തിട്ടുള്ളതും നക്ഷത്രങ്ങളിൽ നിന്നുള്ള heat സ്ഥിരമായി നിൽക്കുന്നുവെന്നും പുറത്തുപോകുന്ന heat വേഗത്തിൽ തണുക്കുന്നുവെന്നും അത് നമുക്ക് സ്പേസിൽ കാണാൻ കഴിയില്ല എന്നുമാണ്. നക്ഷത്രങ്ങളിൽനിന്നു ഗ്ഗമരലലേക്ക് പുറത്തുവിടുന്ന heat ന്റെ അളവ് കണ്ടുപികിക്കാൻ ശാസ്ത്രലോകം ശ്രമിച്ചിട്ടുണ്ടെങ്കിലും അവർക്കതു നേടാൻ കഴിഞ്ഞില്ല ജോയൽ ആണ് തന്റെ ഗവേഷണത്തിലൂടേ അതിനുള്ള ഫോർമുല കണ്ടുപിടിച്ചു ശാസ്ത്രലോകത്തിന് സമ്മാനിച്ചത്.

യൂണിവേഴ്സിറ്റി കോളേജ് ഓഫ് ലണ്ടന്റെ ഡിപ്പാർട്മെന്റ് ഓഫ് സ്പേസ് റിസർച്ച് സ്റ്റഡീസിലെ ഗവേഷണ വിദ്യാർത്ഥിയാണ് ജോയൽ. 2021–2022 വർഷത്തെ ഏറ്റവും മികച്ച ശാസ്ത്ര ഗവേഷണ വിദ്യാർത്ഥിക്കുള്ള പുരസ്കാരമാണ് ജോയൽ ബേബി എബ്രഹാം കരസ്ഥമാക്കിയത്. യൂ.കെ യൂറോപ്പ് ആഫ്രിക്ക ഭദ്രാസനത്തിലെ നോർതാംപ്റ്റൻ സെൻറ് ഡയനേഷ്യസ് ഓർത്തഡോക്സ് ഇടവകാംഗമായ ബേബി അബ്രഹാമിന്റെയും ബീന അബ്രഹാമിന്റെയും മകനാണ്. ജോയലിന്റെ സഹോദരി ഷാരോൺ ബേബി എബ്രഹാം നോർതാംപ്റ്റൻ ജനറൽ ഹോസ്പിറ്റലിൽ സീനിയർ ഫിസിയോതെറാപിസ്റ് ആണ്. പെരുമ്പടവം സെന്റ് ജോർജ് ഓർത്തഡോക്സ് ഇടവകയാണ് മാതൃ ഇടവക.




**Human Rights ഫൗണ്ടേഷന്റെ ഈ വർഷത്തെ വിശിഷ്ട സേവാ പുരസ്കാരം ഫാ. ബന്യാമിൻ ശങ്കരത്തിലിന് ലഭിച്ചു. മതന്യൂനപക്ഷങ്ങളുടെയും, വിദ്യാർഥികളുടെയും, യുവജനങ്ങളുടെയും, സ്ത്രീകളുടെയും, ആദിവാസികളുടെയും, ഉന്നമനത്തിനായുള്ള വിവിധ മേഖലകളിലെ പ്രവർത്തനം മാനിച്ചാണ് പുരസ്കാരം ലഭിച്ചത്.**

# മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH




## നിയമങ്ങൾക്ക് വിധേയമായ സമാധാനം ഉണ്ടാകണം: പ. കാതോലിക്കാ ബാവ

കോട്ടയം: മലങ്കരസഭാ തർക്കത്തിൽ സുപ്രീംകോടതിയുടെ 1958, 1995, 2017 എന്നീ വർഷങ്ങളിലായി നൽകിയിരിക്കുന്ന വിധികൾ എല്ലാം മലങ്കര സഭയെ ശാശ്വത സമാധാനത്തിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ഉള്ളതായിരുന്നു എന്നും മറുവിഭാഗം അതിന് വിരുദ്ധമായ നിലപാടുകൾ സ്വീകരിച്ചതാണ് സഭയിൽ സമാധാനം ഉണ്ടാകാൻ ഇടയാകാതെ പോയത് എന്നും പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ പറഞ്ഞു. സഭയുടെയും രാജ്യത്തിന്റെയും നിയമങ്ങൾക്ക് വിധേയമായ ശാശ്വത സമാധാനം എന്നതാണ് സഭ ലക്ഷ്യമിടുന്നതെന്നും പരിശുദ്ധ ബാവ പറഞ്ഞു. കോട്ടയത്ത് ദേവലോകം കാതോലിക്കേറ്റ് അരമനയിൽ ഓർത്തഡോക്സ് വിശ്വാസ സംരക്ഷകൻ അവാർഡ് വിതരണം ചെയ്തു സംസാരിക്കുകയായിരുന്നു പരിശുദ്ധ ബാവാ.

സുപ്രീം കോടതി വിധി അനുസരിക്കാൻ തയ്യാറാകാത്തതാണ് സഭാ സമാധാനത്തിന് തടസ്സമായി നിൽക്കുന്നത്. സുപ്രീം കോടതി അരക്കിട്ട് ഉറപ്പിച്ചിട്ടുള്ള മലങ്കര സഭയുടെ ഭരണഘടനയും, അടിസ്ഥാനതത്വങ്ങളും ബലി കഴിക്കാതെ മാർത്തോമ്മാ ശ്ലീഹായുടെ മക്കളായ എല്ലാവരും ശാശ്വത സമാധാനത്തിന്റെ പാതയിലേക്ക് വരണമെന്നും പരിശുദ്ധ കാതോലിക്കാ ബാവാ പറഞ്ഞു.

2020, 2021 വർഷങ്ങളിലെ അവാർഡ് ജേതാക്കളായ ജോർജ് പൗലോസ്, മുള്ളരിങ്ങാട് (അങ്കമാലി മെത്രാസനം) മാത്യു സ്റ്റീഫൻ, തിരുവാർപ്പ് (കോട്ടയം മെത്രാസനം) ജോണി ചാമത്തിൽ, ചെങ്ങരൂർ (നിരണം മെത്രാസനം) എന്നിവർക്ക് പതിനായിരം രൂപയും ഫലകവും സമ്മാനിച്ചു. എം. എ. ചെറിയാൻ മണിയല, ജോർജ് വർഗീസ് വൻനിലം എന്നിവരെ പൊന്നാട അണിയിച്ച് ആദരിച്ചു.

എ. കെ. ജോസഫ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വൈദീക ട്രസ്റ്റി തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ, ഫാ. യാക്കോബ് തോമസ്, ഫാ. ജിതിൻ ജോർജ്, ലിജോ പാത്തിക്കൽ, അലക്സ് എം. കുര്യാക്കോസ്, ആകാശ് മാത്യു, ജിജു പി വർഗീസ് എന്നിവർ പ്രസംഗിച്ചു.

## 'ശ്രുതി'യിൽ സൗണ്ട് എൻജിനീയറിങ് കോഴ്സ് തുടങ്ങുന്നു

കോട്ടയം ● ആരാധനാലയങ്ങളിൽ സംഗീതം ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിൽ ജനുവരിയിൽ കോഴ്സ് തുടങ്ങുന്നു.

ആറുമാസത്തെ കോഴ്സിൽ ഗായകസംഘങ്ങൾക്കും അൾത്താര സംഘാംഗങ്ങൾക്കും ദേവാലയങ്ങളിലും മറ്റു പ്രസ്ഥാനങ്ങളിലും സൗണ്ട് സിസ്റ്റം പ്രവർത്തിപ്പിക്കുന്നവർക്കുമാണു പരിശീലനമെന്നു ശ്രുതി സ്കൂൾ ഡയറക്ടറും സെറാംപൂർ സർവകലാശാലയുടെ അധ്യക്ഷനുമായ ഡോ. സഖറിയാസ് മാർ അപ്രേം പറഞ്ഞു.

ആരാധനാലയങ്ങളിലെ സംഗീത ശുശ്രൂഷകളിലും പരിപാടികളിലും മികച്ച സൗണ്ട് എൻജിനീയർ വേണമെന്നു സംഗീത സംവിധായകൻ ജെറി അമൽദേവ് പറഞ്ഞു.



കോട്ടയം ഓർത്തഡോക്സ് സെമിനാരിയുടെ ചരിത്രത്തിൽ ഒരു സുപ്രധാന കാൽവയ്പാണ് ഇതെന്നു പ്രിൻസിപ്പൽ ഫാ. ഡോ. റജി മാത്യൂസ് പറഞ്ഞു.

ഫാ. മാത്യു കോശിയും ഫാ. ഷിനോ കെ.തോമസും ക്ലാസുകൾ നയിക്കും.

സംഗീതസംവിധായകൻ ജെറി അമൽദേവ്, സിനിമ മേഖലയിലെ ശബ്ദ മിശ്രണ രംഗത്തു പ്രവർത്തിക്കുന്ന ദമൻ സൂദ്, പ്രമോദ് തോമസ്, ജോസ് ശങ്കൂരിക്കൽ, വിജയ് തോമസ് കുര്യൻ എന്നിവർ പരിശീലനത്തിനു നേതൃത്വം നൽകും.

വിവരങ്ങൾക്ക്: http://www.srutimusic.org, 9447409452.



## ക്രിസ്തുമസ് സന്ദേശവുമായി എക്യൂമിനിക്കൽ പ്രീസ്റ്റ് ഫെലോഷിപ്പ്

കുന്നംകുളം: സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും സന്തോഷത്തിന്റെയും സമഭാവനയുടേയും സന്ദേശം ഉണർത്തുന്ന ക്രിസ്മസ് ആഘോഷങ്ങൾക്ക് തുടക്കം എന്ന നിലയിൽ കുന്നംകുളത്തെ എല്ലാ സഭാ വിഭാഗങ്ങളിലെയും വൈദീകർ ഓർത്തഡോക്സ് സഭയുടെ കുന്നംകുളം ഭദ്രാസനത്തിൻറ ആതിഥേയത്വത്തിൽ ഭദ്രാസന ആസ്ഥാനമായ ആർത്താറ്റ് അരമനയിലെ പ. പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവ സ്മാരക മന്ദിരത്തിൽ ഒത്തു ചേർന്നു.

ഡോ: ഗീവർഗീസ് മാർ യുലിയോസിന്റെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം തൊഴിയൂർ സഭാധ്യക്ഷൻ അഭി: സിറിൽ മാർ ബസ്സേലിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. സാധിക്കുന്ന മേഖലകളിലെല്ലാം വിവിധ സഭകളിലെ വൈദികർ ഒത്തൊരുമിച്ച് പ്രവർത്തിക്കുന്നത് പൊതു സമൂഹത്തിന് ഗുണകരമായി ഭവിക്കുമെന്നും ഒട്ടേറെ പ്രവർത്തനങ്ങൾ മാതൃകാപരമായി നിർവ്വഹിക്കുവാൻ സാധിക്കുമെന്നും മാർ യൂലിയോസ് തന്റെ അധ്യക്ഷ പ്രസംഗത്തിൽ പ്രസ്താവിച്ചു.

ഓർത്തഡോക്സ് സഭാ കുന്നംകുളം ഭദ്രാസന സെക്രട്ടറി ഫാ. ജോസഫ് ചെറുവത്തൂർ സ്വാഗതം ആശംസിച്ചു.ആർത്താറ്റ് മാർത്തോമാ ഇടവക വികാരി റവ ജോബി വി ജേക്കബ്, സീറോ മലബാർ സഭയുടെ കുന്നംകുളം ഗുഡ് ഷെപ്പേർഡ് ആശ്രമത്തിലെ ഫാ. രഞ്ജിത്ത്, സി.എസ്.ഐ സഭയുടെ ഫാ.ഷിബു മോൻ, മലബാർ സ്വതന്ത്ര സുറിയാനി സഭയുടെ കൗൺസിൽ വൈസ് പ്രസിഡന്റ് ഫാ. വർഗ്ഗീസ് വാഴപ്പിള്ളി എന്നിവർ സംസാരിച്ചു. ആർത്താറ്റ് മാർത്തോമ്മ ഇടവകയുടെ ഗായകസംഘം ഗാനങ്ങൾ ആലപിച്ചു. ഭദ്രാസന വൈദിക സംഘം സെക്രട്ടറി ഫാ. ജോൺ ഐസക് ഏവർക്കും നന്ദി അറിയിച്ചു



**ആർത്താറ്റ് സെന്റ് ലൂസിയ ചിൽഡ്രൻസ് ഹോമിലെ കുട്ടികൾക്ക് ഡോ. ഗീവർഗീസ് മാർ യൂലിയോസ് നൽകിയ വാക്ക് പാലിച്ചു, കുട്ടികളോടൊപ്പം ക്രിസ്തുമസ് ആഘോഷങ്ങൾക്ക് തുടക്കം കുറിക്കാൻ തിരുമേനി ചിൽഡ്രൻസ് ഹോമിൽ എത്തി. നാഷണൽ ഗെയിംസ് സ്വർണ്ണ മെഡൽ ജേതാവ് കുമാരി ഐശ്വര്യയെ അനുമോദിക്കുന്നതിനായാണ് തിരുമേനി ഒക്ടോബർ മാസത്തിൽ ആദ്യമായി ഇവിടെ സന്ദർശിച്ചത്. അന്ന് കുട്ടികൾക്കും സിസ്റ്റർമാർക്കും നൽകിയ വാക്കാണ് ക്രിസ്തുമസിന് തീർച്ചയായും എത്താം എന്നത്. കുട്ടികളോടൊപ്പം ഏറെനേരം ചെലവഴിക്കുകയും അവർക്ക് നല്ലൊരു അത്താഴം ഒരുക്കുകയും, അവരോടൊപ്പം ഇരുന്ന് അത്താഴം കഴിക്കുകയും ചെയ്തു.**